എന്റെ പ്രസംഗം ഞാൻ അവസാനിപ്പിക്കുന്നു. വളരെ അധികം പറയണമെന്നു എനിക്കു ആഗ്രഹമുണ്ട്. എന്നാൽ ഒന്നു രണ്ടു കാര്യങ്ങൾ എന്നെ വിഷമപ്പെടുത്തുന്നു. ആ സ്ത്രീയുടെ തലയിൽ ഞാൻ പറയുന്ന ചരിത്രമൊന്നും തന്നെ കയറുന്നില്ല എന്നു തോന്നും താടിയിൽ കയ്യും കുത്തിഇരിക്കുന്ന ആ ഇരുപ്പു കണ്ടാൽ. ഈ ചരിത്രം തുടർന്നാൽ വല്ല പുരുഷനും അപ്രകാരം തന്നെ ഇനി നിന്നേക്കും. രണ്ടാമതായി മൈക്ക് അതിന്റെ ജോലിയും നിർത്തിവച്ചു. എന്റെ നെഞ്ചു വേദനയും വർദ്ധിക്കുന്നു. പ്രിയരെ നാം നാളെ കോട്ടയത്തേക്കു പോകണമെന്നു ആഗ്രഹിക്കുന്നു. നിങ്ങൾ എനിക്കു ചെയ്തു തന്ന സകല സാഹചര്യങ്ങൾക്കും നന്ദി പറഞ്ഞു കൊള്ളുന്നു. അവസാനമായി ഞാൻ പറയുന്നു വട്ടശ്ശേരിൽ തിരുമേനിയുടെ അന്ത്യ മൊഴികൾ നിങ്ങൾ വായിച്ചിരിക്കുമല്ലോ. ആ മൊഴികൾ നിങ്ങളുടെ ഹൃദയങ്ങളിൽ നിന്നും മാഞ്ഞുപോകരുത്. മലങ്കര സഭയുടെ നിലനിൽപ്പിനു നിയോഗിച്ചയച്ച ഒരു പട്ടണമാണ് ഇത്. നമ്മുടെ സഭയോട് ഏതൊരു ശക്തി എതിർത്താലും അതിനെ നേരിടുവാൻ തക്കവണ്ണം നാം ദൈവ ത്തോടു പ്രാർത്ഥിക്കയും ദൈവത്തിൽ ആശ്രയിച്ചു പ്രവർത്തിക്കുകയും വേണം. Child is the father of the man. ഇന്നത്തെ യുവാക്കന്മാരാണു സഭയെ പരിപാലിക്കേണ്ടത്. ഇന്നു സഭയിൽ പ്രവർത്തനം നടത്തുന്നവരിൽ പ്രായം ചെന്നവരും ഒരുപക്ഷേ ഞാനും നാളെയോ മറ്റന്നാളോ മരിച്ചു പോയേക്കാം. അതിനാൽ യുവാക്കന്മാർ സഭാ സ്നേഹികളായി സഭാസേവനത്തിനു കച്ച കെട്ടണം. ഞാൻ മുമ്പു പറഞ്ഞതുപോലെ അന്ത്യോക്യാ സിംഹാസനത്തേക്കാൾ 94 വയസ്സു കൂടുതൽ പ്രായം ഉണ്ട് കാതോലിക്കാ സിംഹാസന ത്തിന്.പാത്രിയർക്കീസിന്റെ സമാധികാരം കാതോലിക്കായ്ക്കും ഉണ്ട്. ഇതാണ് നിഖ്യാ സുന്നഹദോസ് നിശ്ചയം. ഇവയൊന്നും നിങ്ങൾ മറന്നു പോകരുത്.

ഇപ്പോൾ വിശുദ്ധ കാതോലിക്കാ സിംഹാസനത്തിൽ വാഴുന്ന പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെ ആയുരാരോഗ്യത്തിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. പരിശുദ്ധ കാതോലിക്കാ ബാവാ നീണാൾ വാഴട്ടെ. നമുക്കു പ്രാർത്ഥിക്കാം. ആകാശത്തിലുള്ള ഞങ്ങളുടെ പിതാവേ.....

*അവസാനമായി ഞാൻ പറയുന്നു വട്ടശ്ശേരിൽ തിരുമേനിയുടെ അന്ത്യമൊഴികൾ നിങ്ങൾ വായിച്ചിരിക്കുമല്ലോ. ആ മൊഴികൾ നിങ്ങളുടെ ഹൃദയങ്ങളിൽ നിന്നും മാഞ്ഞുപോകരുത്. മലങ്കര സഭയുടെ നിലനിൽപ്പിനു നിയോ ഗിച്ചയച്ച ഒരു പട്ടണമാണ് ഇത്. നമ്മുടെ സഭയോട് ഏതൊരു ശക്തി എതിർത്താലും അതിനെ നേരിടുവാൻ തക്കവണ്ണം നാം ദൈവ ത്തോടു പ്രാർത്ഥിക്കയും ദൈവത്തിൽ ആശ്രയിച്ചു പ്രവർത്തിക്കുകയും വേണം.*



**പുത്തൻകാവിൽ കൊച്ചുതിരുമേനി, വട്ടശ്ശേരിൽ തിരുമേനി, പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്ക ബാവാ, പാമ്പാടി തിരുമേനി, ജോസഫ് മാർ സേവേറിയോസ് (പിന്നീട് റീത്ത് പ്രസ്ഥാനത്തിൽ ചേർന്നു)**



# പുത്തൻകാവിൽ കൊച്ചുതിരുമേനി മലങ്കര സഭയുടെ സ്വാതന്ത്ര്യം സംരക്ഷിച്ച പ്രതിഭാശാലി.

*പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അരുമ ശിഷ്യനാണ് എ. എം. വർഗ്ഗീസച്ചൻ മരിക്കുവോളം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഓർമ്മപെരുന്നാളിന് വരുകയും പുത്തൻകാവ് പള്ളിയിൽ തന്റെ ഗുരുവിനെക്കുറിച്ച് നിരവധി അനുസ്മരണ പ്രസംഗങ്ങൾ അച്ചൻ നടത്തിട്ടുണ്ട്. തിരുമേനിയുടെ ഓർമ്മകൾ നിലനിർത്തുവാൻ ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1997 തിരുമേനിയുടെ ജന്മശതാബ്ദി സമ്മേളനത്തിന്റെ ദീപശിഖപ്രയാണം പറന്തൽ പള്ളിയിൽ എത്തിയപ്പോൾ നിറകണ്ണുകളോടെ അച്ചൻ ചെയ്ത പ്രസംഗം ശ്രദ്ധേയമായിരുന്നു.*



ഫാ. എ.എം.വർഗീസ്, പറന്തൽ

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പ്രത്യേക ശ്രദ്ധ പതിഞ്ഞത് മലങ്കരസഭയുടെ സ്വാതന്ത്ര്യം സംബന്ധിച്ച് സഭാംഗങ്ങളെ പ്രബുദ്ധരാക്കുന്ന വിഷയത്തിലും സഭയിൽ ആത്മീയ നവോത്ഥാനം ഉളവാക്കുന്ന വിഷയത്തിലും ആയിരുന്നു.

പാത്രിയർക്കിസിനെയും മലങ്കരയിൽ അദ്ദേഹത്തിന്റെ കക്ഷിയേയും പരമാവധി ആദരിച്ചും അംഗീകരിച്ചും അനുരഞ്ജനത്തിന്റെ അനവധി മാർഗ്ഗങ്ങളും ആശയങ്ങളും അദ്ദേഹം അവതരിപ്പിച്ചത് എതിരാളികളിൽപ്പോലും അനുകൂല ചലനങ്ങൾ ഉണ്ടാക്കി. മലങ്കരയിലെ കാതോലിക്ക സിംഹാസനത്തിന്റെ കെട്ടുറപ്പ് അടിസ്ഥാനമാക്കിയ ശബ്ദം ശക്തിമത്തായിരുന്നു. ബഥനിയുടെ നാഥനായി സഭയിൽ സ്ഥാനമുറപ്പിച്ചിരുന്ന മാർ ഇവാനിയോസ് മെത്രാച്ചൻ മാതൃ സഭയെ പരിത്യജിച്ച് കത്തോലിക്കാസഭയെ കെട്ടിപ്പുണർന്ന് റീത്തു പ്രസ്ഥാനം ആരംഭിച്ചപ്പോഴുണ്ടായ ഒഴുക്കിനെതിരായി, സഭാംഗങ്ങളെ സന്നദ്ധമാക്കിയ കൊച്ചു തിരുമേനിയുടെ സമർത്ഥമായ നേതൃത്വം വിവരിക്കുവാൻ വാക്കുകൾ പോരാ. തെക്കു മുതൽ വടക്കുവരെ അങ്ങോളമിങ്ങോളം വിശ്വാസികളെ ഓർത്തഡോക്സ് വിശ്വാസത്തിന്റെ വേലിയ്ക്കുള്ളിൽ പിടിച്ച് നിർത്തിയത് ശക്തവും യുക്തവുമായ ഭാഷ കൊണ്ട് കൊച്ചുതിരുമേനി ചെയ്ത പ്രസംഗ പ്രവാഹങ്ങളായിരുന്നു.

കൊച്ചുതിരുമേനിയെ റീത്തു പ്രസ്ഥാനത്തിലേക്ക് ആകർഷിക്കുവാൻ മാർ ഈവാനിയോസ് വാഗ്ദാനം ചെയ്ത പ്രലോഭങ്ങളെ പ്രതിഭാശാലിയായ കൊച്ചുതിരുമേനി തൃണതുല്യം തൃജിച്ചത് സുവർണ്ണ ലിഖിതമായ ചരിത്രസത്യമായി അവശേഷിക്കുന്നു.

സഭയിൽ സുവിശേഷഘോഷണ ശൈലിയുടെ ശബ്ദം ധ്വനിയ്ക്കുവാൻ തിരുമേനി മുൻകൈയെടുത്തു. മലങ്കരഓർത്തഡോക്സ് സഭയിൽ കൺവൻഷൻ യോഗങ്ങളിൽ പാട്ടുകൾ പാടുവാൻ തിരുമേനിതന്നെ തുനിഞ്ഞ് പാട്ടുകൾ ചൊല്ലികൊടുക്കുകയും എല്ലാവരെയും കൊണ്ട് ഏറ്റുപാടിപ്പിക്കുകയും ചെയ്യുമായിരുന്നു. പ്രധാനദൂതൻ കുഴലൂതീടുമ്പോൾ വിധിയ്ക്കു സിംഹാസനവുമിടുമ്പോൾ എന്നപാട്ടും ഗോകുൽത്തായിലെ കുഞ്ഞാടേ അത്ഭുതമുള്ള കുഞ്ഞാടേ... എന്ന പാട്ടും തിരുമേനി ആലപിക്കുമ്പോൾ സദസ്സ് ആത്മീയ സന്തോഷത്തിൽ ആഹ്ലാദിക്കുമായിരുന്നു. എല്ലാതരത്തിലും ലളിതജീവിതത്തിന്റെ പര്യായമായിരുന്നു തിരുമേനി. ആഹാരകാര്യത്തിൽ പ്രത്യേക നിഷ്ഠകളോ താല്പര്യങ്ങളോ പുലർത്തിയിരുന്നില്ല.

കപ്പയോ, കാച്ചിലോ പുഴുങ്ങിയതും അതിന്റെ കൂടെ കുറേ കഞ്ഞിയും കിട്ടിയിരുന്നാൽ തൃപ്തനായിരുന്നു. കർത്തവ്യനിർവ്വഹണം കാര്യമായി കരുതിയിരുന്ന തിരുമേനി കായികമായി കഷ്ടപ്പെടുമായിരുന്നു. രാവിലെ എഴുന്നേറ്റ് പ്രാർത്ഥിച്ചു കഴിഞ്ഞാൽ അരമനയുടെ ചുറ്റുപാടും വളരുന്ന കുറ്റിക്കാടുകൾ തെളിയ്ക്കുവാൻ വെട്ടുകത്തിയുമായി ഇറങ്ങുമായിരുന്നു.

ഭക്തി പ്രകടനങ്ങൾ ഒട്ടും ഇഷ്ടപ്പെട്ടിരുന്നില്ല. ആരെയെങ്കിലും കാണിക്കുന്നതിനുവേണ്ടിയോ ബോധ്യപ്പെടുത്തുന്നതിന് വേണ്ടിയോ ഉള്ള ഉപവാസമോ പ്രാർത്ഥനയോ ഒന്നും തന്നെ ഇഷ്ടപ്പെട്ടിരുന്നില്ല. എങ്കിലും ഉള്ളിന്റെയുള്ളിൽ ദൈവീക സംസർഗ്ഗത്തിന്റെ ചാലുകൾ തുറന്നുകൊണ്ട് ആരുമറിയാതെയും കാണാതെയും നിശയുടെ നിശബ്ദതയിൽ പ്രാർത്ഥനാ നിരതനാകുന്ന പതിവ് കൊച്ചുതിരുമേനിക്ക് ഉണ്ടായിരുന്നു. രാത്രിയിൽ ഉറങ്ങാൻ കിടക്കുമ്പോൾ ഉരുവിടുന്ന ഒരു വാചകം ഞാൻ പ്രത്യേകം ഓർക്കുന്നു. "എന്റെ തമ്പിരാനേ എന്റെ ജീവൻ തൃക്കരങ്ങളിൽ ഭരമേൽപ്പിക്കുന്നു." കൊച്ചുതിരുമേനിയുടെ സംസാരഭാഷ ശൈലി സരസമായിരുന്നു. ഒരു ഗ്രാമ്യഭാഷ തന്റെ സാധാരണ സംസാരത്തിൽ ഉടനീളം ഒഴുകുമായിരുന്നു. നസ്രായേൻ എന്നതിന് നത്തറായൻ എന്നും ആകാശത്തിന് ആകായമെന്നും മറ്റും അനവധി പ്രയോഗങ്ങൾ ഓർമ്മവരുന്നു.

ഏതു വിഷയവും ഏതു രംഗത്തു വർണ്ണ ഭംഗിയോടും ലാളിത്വത്തോടും കൈകാര്യം ചെയ്യുവാനുള്ള കഴിവ് അപാരമായിരുന്നു. പണ്ഡിത സദസ്സ് ആണെങ്കിൽ മിൽട്ടന്റെയും ഷേക്സ്പിയറിന്റെയും ഉദ്ധരണികൾ പറയുമ്പോൾ ഇംഗ്ലീഷ് സാഹിത്വം അറിയാവുന്നവരെ അത്ഭുതപ്പെടുത്തുമായിരുന്നു.

തിരുമേനിയുടെ അരമനകളും അവയിലെ സുഖസൗകര്യങ്ങളും നോക്കുമ്പോൾ കൊച്ചുതിരുമേനിയുടെ ലളിത ജീവിതം വ്യക്തമാക്കുന്ന ചില വസ്തുതകൾക്കൂടി പറയട്ടെ. താമസിക്കുവാൻ തരപ്പെടുന്ന ഇടങ്ങളിൽ താല്കാലിക ഷെഡ്ഡുകളും കുടിലുകളും കെട്ടി താമസിക്കുവാൻ തിരുമേനി ഒരുക്കമുള്ളവനായിരുന്നു. കട്ടിൽ കിട്ടാത്ത പക്ഷം വെറും തറയിൽ കിടക്കവിരിക്കുന്ന മെത്രാപ്പോലീത്തയായിരുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി.

> കൊച്ചുതിരുമേനിയെ റീത്തു പ്രസ്ഥാനത്തിലേക്ക് ആകർഷിക്കുവാൻ മാർ ഈവാനിയോസ് വാഗ്ദാനം ചെയ്ത പ്രലോഭങ്ങളെ പ്രതിഭാശാലിയായ കൊച്ചുതിരുമേനി തൃണതുല്യം തൃജിച്ചത് സുവർണ്ണ ലിഖിതമായ ചരിത്രസത്യമായി അവശേഷിക്കുന്നു.




പറന്തൽ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി

മാക്കാംകുന്നിൽ കൊച്ചുതിരുമേനി താമസിക്കുന്ന കാലയളവിൽ കോളേജുകാര്യത്തിനുവേണ്ടി കൂടെക്കൂടെ തിരുവനന്തപുരത്തേക്ക് യാത്ര ചെയ്തിരുന്നത് പന്തളത്തുവന്ന് മെയിൻ സെൻട്രൽ റോഡുവഴിയായിരുന്നു. ആ യാത്രയിൽ പറന്തലിൽ എം. സി. റോഡിനടുത്ത് ജീർണ്ണതയിലായിരുന്ന മരക്കുരിശിൽ തൊട്ടിയും തൊട്ടടുത്ത് നിരന്നുപരന്ന ഒരു ചെറുകുന്നിൽ ചരുവിലെ ഓലമേഞ്ഞതും മൺഭിത്തിയോടുകൂടിയതുമായ കൊച്ചുപള്ളിയും തന്റെ ദൃഷ്ടിയിൽപ്പെട്ടു. ആൾപാർപ്പില്ലാത്ത ഇടമെങ്കിലും അരുമയായ കുളിർക്കാറ്റും പ്രകൃതി സൗന്ദര്യം നിറഞ്ഞ സ്ഥലവും പരിസരവും തിരുമേനിയെ ആകർഷിച്ചു. പല പ്രാവശ്യം അതിലേക്കൂടെ കടന്നു പോയെങ്കിലും കൊച്ചുപള്ളിയെപ്പറ്റി അന്വേഷിക്കാൻ ആളെ തരത്തിന് കണ്ടു കിട്ടിയില്ല. അങ്ങനെയിരിക്കെ ഒരു ദിവസം യാത്രാവേളയിൽ അതുവഴി പോകുമ്പോൾ അപ്രതീക്ഷിതമായി അഞ്ചാറു പേരെ ഒരുമിച്ച് ആ കുരിശിൻ ചുവട്ടിൽ കണ്ട് തിരുമേനി ഇറങ്ങി.

തിരുമേനിമാരെ കാണുന്നത് ദൈവദർശനത്തിനു തുല്യമായി കരുതിയിരുന്ന ആ കാലത്ത് അവിടെ പ്രത്യക്ഷപ്പെട്ട തിരുമേനിയെ കണ്ട് ആദരവോടെ അവർ അടുത്തു ചെന്ന് കൈമുത്തി.

പള്ളിയുടെ ശോചനീയാവസ്ഥയെപ്പറ്റിയും തവണകൾ നടക്കുന്നതിനെപ്പറ്റിയും മറ്റും തിരുമേനി തിരക്കി. ആണ്ടിൽ ഒന്നോരണ്ടോ തവണകളെ നടക്കാറുള്ളുവെന്നും കുറച്ചു വീട്ടുകാരേയുള്ളുവെന്നും സാമ്പത്തിക വിഷമം നിമിത്തം പള്ളി ഒന്നു പുതുക്കുവാനോ കൂടുതൽ തവണകൾ ക്രമീകരിക്കുവാനോ കഴിവില്ലാതെ അടിയങ്ങൾ കുഴയുകയാണെന്നും അവർ അറിയിച്ചു. മന്ദസ്മിതത്തോടെ തിരുമേനി പറഞ്ഞു സഭയുടെ പേരിൽ പള്ളിയും സ്വത്തും എഴുതികൊടുത്താൽ എല്ലാം പുത്തനാക്കാമെന്നും ആലോചിച്ച് അധികം താമസിക്കാതെ അറിയിക്കണമെന്നും കല്പിച്ച തിരുമേനി കാറിൽ കയറുവാൻ തുടങ്ങിയപ്പോൾ അവർ പറഞ്ഞു. തിരുമേനി ഞങ്ങൾ പൂർണ്ണമായും സമ്മതിച്ചിരിക്കുന്നു.

ബന്ധപ്പെട്ട അവകാശികൾ പിന്നെ ഒട്ടും താമസിച്ചില്ല സഭയുടെ പേരിൽ പള്ളി വിട്ടു കൊടുക്കാൻ. പറന്തൽ പുല്ലാഞ്ഞികുന്നിന്റെ ഉച്ചിയിൽ നിന്നിരുന്ന കൊച്ചുപള്ളി പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ ഉപദേശപ്രകാരം വിട്ടു കൊടുത്തു. അതിനു ശേഷം പറന്തൽ പള്ളി പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പ്രാർത്ഥനയും പ്രവർത്തനവും കൊണ്ട് അനുഗ്രഹിക്കപ്പെട്ടു. പുത്തൻകാവിൽ കൊച്ചുതിരുമേനിയെന്ന ഭാഗ്യനക്ഷത്രം പറന്തലിലെ കൊച്ചുകുന്നിൽ പ്രദേശത്ത് അന്ന് ഉദിച്ചില്ലായിരുന്നെങ്കിൽ പറന്തൽ പള്ളിയുടെ ഇന്നത്തെ സുവർണ്ണാവസ്ഥ ഉണ്ടാകുകയില്ലായിരുന്നു. പുത്തൻകാവിൽ കൊച്ചുതിരുമേനി സെന്റ് ജോർജ്ജ് ഹിൽ, അടൂർ എന്ന പേരിൽ 20 സെന്റ് സ്ഥലം വാങ്ങി അരമന കെട്ടിടം സ്ഥാപിച്ചു. തിരുമേനി ഇവിടെ താമസിച്ചുകൊണ്ടു തന്നെ ഓതറ, ബഥേൽ, മാക്കാംകുന്ന് എന്നിവിടങ്ങളിലെ ഭരണചുമതലയും നോക്കിവന്നു. ജാതിമത വ്യത്യാസമില്ലാതെ ഏവരേയും തിരുമേനി സ്നേഹിച്ചിരുന്നു.

ഒരു പ്രമുഖ ഹിന്ദു കുടുംബത്തിൽപെട്ട ശ്രീമാൻ കൃഷ്ണ പിള്ളയുമായി സഹകരിച്ച് പറന്തലിൽ ഒരു ചന്ത സ്ഥാപിച്ചെടുക്കാൻ തിരുമേനിക്ക് സാധിച്ചു. പറന്തൽ സെന്റ് ജോർജ് അരമനപള്ളിയുടെ അനസ്യൂതമായ ആത്മീയ വളർച്ചയിലും വികസനത്തിലും കൊച്ചു തിരുമേനിയുടെ പങ്കും പ്രാർത്ഥനയും സ്മരിച്ചുകൊണ്ട് ആ പുണ്യപിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നു.



പറന്തൽ പള്ളിയിലെ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സ്മാരകമുറി

*പുത്തൻകാവിൽ കൊച്ചുതിരുമേനിയെന്ന ഭാഗ്യനക്ഷത്രം പറന്തലിലെ കൊച്ചു കുന്നിൽ പ്രദേശത്ത് അന്ന് ഉദിച്ചില്ലായിരുന്നെങ്കിൽ പറന്തൽ പള്ളിയുടെ ഇന്നത്തെ സുവർണ്ണാവസ്ഥ ഉണ്ടാകുകയില്ലായിരുന്നു.*

# സ്വാതന്ത്ര്യത്തിന്റെ പോരാളി: പുത്തൻകാവിൽ കൊച്ചുതിരുമേനി

കാതോലിക്കേറ്റ് രത്നദീപം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജീവിതവും ദർശനവും സഭാചരിത്രവിജ്ഞാനീയത്തിലെ ആവേശോജ്ജ്വലമായ അദ്ധ്യായമാണ്. സഭയുടെ ദശാസന്ധി മുഹൂർത്തങ്ങളിൽ ദൈവം സഭയ്ക്ക് ദാനമായി നൽകിയ പോരാളി എന്ന നിലയിൽ ആണ് പുത്തൻകാവിൽ തിരുമേനിയുടെ നിയോഗങ്ങൾക്ക് പ്രസക്തി വർദ്ധിക്കുന്നത്. നസ്രാണി സംസ്കാരത്തിന്റെ ഈറ്റില്ലമായ പുത്തൻകാവിന്റെ ഗന്ധവും, പൗരോഹിത്യ പാരമ്പര്യമുള്ള കിഴക്കേതലയ്ക്കൽ കുടുംബത്തിന്റെ ജന്മപൈതൃകവും കൂടി ചേരുമ്പോൾ സ്വാതന്ത്ര്യബോധമുള്ള ഒരു സഭയുടെ സ്വത്വാവബോധത്തിന്റെ പോരാളിയായി പുത്തൻകാവിൽ തിരുമേനി മാറ്റപ്പെട്ടതിൽ അത്ഭുതപ്പെടാനില്ല. ദർശനവും, നിശ്ചയദാർഢ്യവും, സമർപ്പണവും ആണ് ഉത്തമനായ പോരാളിയുടെ അടിസ്ഥാന വിജയപ്രമാണങ്ങൾ. ഇവ ശരിയായി സമ്മേളിക്കുന്ന അപൂർവ്വപ്രതിഭാസങ്ങൾ ചിലപ്പോഴൊക്കെ സമൂഹത്തിൽ പിറവി എടുക്കാറുണ്ട്. അപ്രകാരം മലങ്കരസഭയുടെ ചരിത്രത്തിൽ രത്നശോഭയോടെ വിരാജിച്ച പുത്തൻകാവിൽ തിരുമേനിയുടെ പോരാട്ടങ്ങൾക്കും, ദർശനങ്ങൾക്കും അമരത്വമുണ്ട്.

പുത്തൻകാവിൽ തിരുമേനിയെ കരുത്തുറ്റ പോരാളിയായി മാറ്റുന്നത് സംഘർഷഭരിതമായ സഭാചരിത്ര പശ്ചാത്തലമാണ്. റോമൻ കൊളോണിയൻ അജണ്ടായും, ആംഗ്ലിക്കൻ നവീകരണ അജണ്ടായും, സി. പി. യുടെ മർക്കടമുഷ്ടിയുമൊക്കെ കൂടിചേർന്ന വല്ലാത്ത കാലത്തിൽ മാർത്തോമ്മായുടെ പൈതൃകങ്ങളുടെ കാവൽക്കാരൻ ആയി സ്വയം സമർപ്പിച്ച് പോരാട്ടം ആരംഭിക്കുമ്പോൾ ആയുസ്സിന്റെ ദൈർഘ്യം തിരുമേനിക്ക് പ്രശ്നമായിരുന്നില്ല. മേൽപ്പട്ടക്കാരുടെ പരമ്പരാഗത ശൈലിയിൽ അദ്ദേഹം ഒതുങ്ങിനിന്നിരുന്നു എങ്കിൽ നല്ല പ്രായത്തിൽ വിടവാങ്ങിയ മെത്രാപ്പോലീത്തായെ പറ്റിയുള്ള വിലാപങ്ങൾ ഒഴിവാക്കാമായിരുന്നു.

എന്തിനും, ഏതിനും ഒത്തുതീർപ്പുകൾക്ക് തയ്യാറാകുന്ന ലോകത്തിൽ തന്റെ കാഴ്ചപ്പാടുകൾക്കും ദർശനങ്ങളും വിസ്മരിച്ച് കീഴടങ്ങാൻ തയ്യാറാകാത്ത പോരാളിയുടെ മനസ്സായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനിയുടേത്. കൊളോണിയൽ സംസ്കാരം മനുഷ്യന്റെ സ്വാതന്ത്ര്യബോധത്തെ ചോദ്യം ചെയ്യുകയും, അപരന്റെ താളത്തിനൊത്ത് തുള്ളുന്ന കളിപ്പാവകൾ പോലെ ഒരു ജനതയുടെ സംസ്കാരവും അഭിലാഷവും തരംതാഴ്ത്തുകയും ചെയ്യുവാനാണ് ശ്രമിച്ചിട്ടുള്ളത്. “പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം” എന്ന കവിവാക്യം ഒരു സാധാരണ ഭാരതീയന്റെ മനോവികാരങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നത്. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഭാരതസഭയും എക്കാലവും പടപൊരുതിയത് ആർത്തിപൂണ്ട കൊളോണിയൻ അധിനിവേശങ്ങളോട് ആണ്. ചിലപ്പോഴൊക്കെ മലങ്കരസഭയെ കൊളോണിയൻ ശക്തികളെ അഭയം പ്രാപിച്ചവർ എന്ന ആക്ഷേപം ചില കോണുകൾ ഉയർത്തുന്നുണ്ടെങ്കിലും മലങ്കര നസ്രാണികളുടെ പൊതുസ്വഭാവവും രീതികളും വൈദേശിക കടന്നുകയറ്റങ്ങളെ സ്വീകരിക്കുക ആയിരുന്നില്ല എന്നതിന് ചരിത്രം സാക്ഷി. കൂനൻ കുരിശ് സത്യം പോലുള്ള നിരവധി ഉജ്ജ്വല മുഹൂർത്തങ്ങളെ നമുക്കുയർത്തിക്കാണിക്കാനുണ്ട്. ഇത്തരം ചെറുത്തുനിൽപ്പ് സഭയ്ക്ക് സാധ്യമാക്കിയ ഉത്തമനായ പോരാളിയും ചരിത്രം ആരെങ്കിലും മറന്നുപോയെങ്കിൽ അത് ഓർമ്മപ്പെടുത്തുന്ന കർമ്മയോഗിയായിരുന്നു പുത്തൻകാവിൽ തിരുമേനിയുടേത്.



ഫാ. തോമസ് വർഗ്ഗീസ് അമയിൽ
(ഓർത്തഡോക്സ് വൈദിക സെക്രട്ടറി&
വൈദിക സെമിനാരി അദ്ധ്യാപകൻ)



കീറിതുന്നിയ ചുവന്നകുപ്പായവും, മണ്ണിൽ പണിയെടുത്ത് തഴമ്പ് പിടിച്ച കൈകാലുകളും കോറിയിടുന്നത് കരുത്തുറ്റ പോരാളിയുടെ ചിത്രമാണ്. മലങ്കര സഭയുടെ കൺവെൻഷൻ വേദികളിൽ ഉയർന്നുപൊങ്ങിയ പുത്തൻകാവിൽ തിരുമേനിയുടെ ശബ്ദം ഒരു പോരാളിയുടേത് ആയിരുന്നു. വെളുപ്പ് നിറത്തോട് മലങ്കരസഭാ മക്കൾക്ക് ഉണ്ടായിരുന്ന അഭിനിവേശത്തെ പൊളിച്ചെഴുതിയ തിരുമേനി മലങ്കരയെ തന്റെ ശബ്ദ ഗാംഭീര്യം കൊണ്ട് ത്രസിപ്പിച്ചു. പ്രവാചകത്വം ബലികഴിക്കപ്പെട്ട് സകലത്തോടും പൊരുത്തപ്പെട്ട് നിർവ്വഹിക്കപ്പെടേണ്ട ട്രാജഡി-കോമഡി കോമ്പിനേഷൻ ആണ് പ്രസംഗം എന്ന ചിലരുടെ ചിന്തകൾക്ക് തിരുത്തലായി പുത്തൻകാവിൽ തിരുമേനിയുടെ പ്രബോധന രീതി ശാസ്ത്രം ഇന്നും നിറഞ്ഞുനിൽക്കുന്നു. പ്രലോഭനങ്ങളുടെയും ഭീഷണികളുടെയും നടുവിൽ എന്തുചെയ്യണമെന്നറിയാതെ വിഷമിച്ച മലങ്കരയുടെ മക്കളെ വിശ്വാസത്തിൽ ഉറപ്പിക്കുവാൻ അവസാനശ്വാസം വരെ പ്രൗഢമായി ഉയർന്നുപൊങ്ങിയ തിരുമേനിയുടെ ശബ്ദത്തിന് കഴിഞ്ഞിരുന്നു. കടുത്ത നെഞ്ചുവേദനയോടെ പോരാടിയാണ് ആ പോരാളി തന്റെ ജീവിതം അവസാനിപ്പിച്ചത്. അധികാരവും പദവികളും സംരക്ഷിക്കുവാൻ നിശബ്ദത വ്രതമായി സ്വീകരിക്കുന്നവരെ നമ്മുക്ക് പരിചയമുണ്ടാകാം. എന്നാൽ ബോധ്യങ്ങൾക്കുവേണ്ടി നിലകൊള്ളുവാനും, ശബ്ദിക്കുവാനും കഴിയുന്ന പോരാളികൾ പുത്തൻകാവിൽ തിരുമേനിയെപ്പോലെ വിരളമാണ്.

ഉത്തരകൊളോണിയൽ വായന (post-colonial reading) ഇന്ന് വളരെ പ്രചാരമാർജ്ജിക്കുന്ന ശാഖയാണ്. കൊളോണിയൽ അധിനിവേശങ്ങൾ രചിച്ച ചരിത്രത്തിന്റെ അനീതികൾക്ക് എതിരെ അടിച്ചമർത്തപ്പെട്ടവന്റെ ശബ്ദം, അവന്റെ ഭാഗത്തുനിന്നുള്ള വായനയുമാണ് ഉത്തര കൊളോണിയൽ വായനയുടെ അന്ത:സത്ത. ഈ ശാഖ പ്രബലമാക്കുന്നതിനുമുമ്പ് മലങ്കരസഭാ ചരിത്രത്തിൽ ഇത്തരം വായനകൾ നടത്തുകയും, വ്യാഖ്യാനിക്കയും ചെയ്ത സ്വാതന്ത്ര്യത്തിന്റെ പോരാളിയാണ് പുത്തൻകാവിൽ കൊച്ചു തിരുമേനി.

വിദ്യാഭ്യാസത്തിന്റെ വിമോചനാത്മകത പൗലോ കൊയ്‌ലോയെപ്പോലുള്ള ചിന്തകന്മാർ ലോകത്തിന് പരിചയപ്പെടുത്തിയതാണ്. എന്നാൽ കാലങ്ങൾക്ക് മുമ്പേ വിദ്യാഭ്യാസത്തിന്റെ വിമോചനാത്മകത തിരിച്ചറിഞ്ഞ തിരുമേനി മലങ്കരസഭയിൽ നൂതനമായ വിദ്യാഭ്യാസ വിപ്ലവത്തിന് വേഗത വർദ്ധിപ്പിച്ചു. മലങ്കരയുടെ മക്കൾക്ക് വിദ്യയുടെ വെളിച്ചം ഉണ്ടായാൽ മാത്രമേ അനിവാര്യമായ സ്വാതന്ത്ര്യത്തെപ്പറ്റി അവർ ബോധവാന്മാർ ആകു എന്ന ആപ്തവാക്യം ആണ് തിരുമേനി മുറുകെപിടിച്ചത്. വിദ്യയുടെ ആർജ്ജനം മാത്രമേ ഒരു ജനതയെ വിമോചനത്തിലേക്ക് നയിക്കൂ എന്നചിന്ത തിരുമേനിയുടെ ദർശനങ്ങളുടെ ഭാഗമാണ്. മിടുക്കന്മാരെ പറിപ്പിച്ച് കൂടുതൽ മിടുക്കന്മാർ ആക്കുന്ന പുതിയ ശൈലികൾക്ക് തിരുത്തൽ ആണ് തിരുമേനിയുടെ വിദ്യാഭ്യാസ പോരാട്ടങ്ങൾ.

> *എന്തിനും, ഏതിനും ഒത്തുതീർപ്പുകൾക്ക് തയ്യാറാകുന്ന ലോകത്തിൽ തന്റെ കാഴ്ചപ്പാടുകൾക്കും ദർശനങ്ങളും വിസ്മരിച്ച് കീഴടങ്ങാൻ തയ്യാറാകാത്ത പോരാളിയുടെ മനസ്സായിരുന്നു പുത്തൻകാവിൽ കൊച്ചു തിരുമേനിയുടേത്.*

അധികാര വികേന്ദ്രീകരണം ഏറെ പരിചിതമായ പദമാണ്. കാലങ്ങൾക്ക് മുമ്പേ മലങ്കരയിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഉത്തമമായ മാതൃകകൾ സൃഷ്ടിച്ച പോരാളിയാണ് പുത്തൻകാവിൽ തിരുമേനി. തുമ്പമൺ മെത്രാസനത്തെ പല ഡിസ്ട്രിക്റ്റുകളായി തിരിച്ചുള്ള തിരുമേനിയുടെ ഭരണ ശൈലി അധികാര വികേന്ദ്രീകരണത്തിന്റെ ഉത്തമ ശൈലിയാണ്.

പോരാളി ധീരമായ പടക്കളത്തിൽ മരിച്ചാലും വീരസ്വർഗ്ഗം ലഭിക്കും എന്നാണ് ആർഷഭാരത വിശ്വാസം. നീതിമാന്മാർക്ക് സ്വർഗ്ഗത്തിലെ നക്ഷത്രങ്ങളുടെ ശോഭയുണ്ടെന്നാണ് ക്രൈസ്തവ വിശ്വാസം. വിശ്വാസവും ദർശനവും ബോധ്യവും പണയം വയ്ക്കാതെ പോരാടിയ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഓർമ്മകളുടെ രജത ശോഭ നമുക്ക് മാർഗ്ഗദീപമാണ്.



അഭിവന്ദ്യ.ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്താ

## ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തായും പുത്തൻകാവിൽ കൊച്ചുതിരുമേനിയും

1947 സെപ്റ്റംബർ 1-ാം തീയതി ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്താ (മാറേട്ട് കൊച്ചുതിരുമേനി) കാലം ചെയതപ്പോൾ മാർത്തോമ്മാ സഭയിലെ രണ്ടു കൊച്ചു മെത്രാപ്പോലീത്തമാരും സ്ഥലത്തില്ലായിരുന്നു. മരണവാർത്ത കേട്ടയുടനെ തന്നെ പുത്തൻകാവിൽ കൊച്ചുതിരുമേനി സ്ഥലത്തെത്തുകയും, കബറടക്ക ശുശ്രൂഷയുടെ ആദ്യഭാഗം നിർവ്വഹിക്കുകയും ചെയ്തു. ഇത് പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ക്രൈസ്തവ സ്നേഹത്തിന്റെ ഉത്തമ ഉദാഹരണമാണ്.





## പുത്തൻകാവിൽ കൊച്ചുതിരുമേനി

# മലങ്കരസഭയുടെ കാവൽഭടൻ

**പുത്തൻകാവിന്റെ ദിവ്യതേജസ് പുത്തൻകാവിൽ കൊച്ചുതിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പുണ്യഭൂമിയിൽ പാദം കുത്തുമ്പോൾ തന്നെ ആ ദൈവികാനുഗ്രഹം മനസ്സിൽ നിറയുന്നു. കബറിങ്കൽ സ്ഥാപിച്ചിരിക്കുന്ന തിരുമേനിയുടെ ചിത്രത്തിലേക്ക് സൂക്ഷിച്ചു നോക്കുമ്പോൾ ജീവനോടെ സംസാരിക്കുന്നതായി അനുഭവപ്പെടും. അനേകർക്ക് അഭയമായ, കണ്ണുനീർ ഒപ്പുന്ന അനുഗ്രഹത്തിന്റെ ഉറവയാണ് ആ കബറിടം.**



ഫാ. മത്തായി കുന്നിൽ
(പുത്തൻകാവ് കത്തീഡ്രൽ
മുൻ വികാരി)

മലങ്കര സഭയുടെ കതോലിക്കേറ്റിന്റെ അടിസ്ഥാനം ഉറപ്പിക്കാൻ ഓരോ നിമിഷവും പുത്തൻകാവിൽ കൊച്ചുതിരുമേനി അക്ഷീണം പ്രവർത്തിച്ചു. അദ്ദേഹത്തെ കാതോലിക്കേറ്റിന്റെ വക്താവ് എന്ന് വിശേഷിപ്പിച്ചിരുന്നു. സഭാമക്കളുടെ മനസ്സിൽ ഒളിമങ്ങാതെ നിൽക്കാൻ തിരുമേനിക്ക് കഴിഞ്ഞു. ത്യാഗോജ്ജ്വലമായ ജീവിത ശൈലി ഉള്ളതിനാൽ അപൂർവ്വമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു.

കാറും കോളും നിറഞ്ഞ അന്തരീക്ഷത്തിൽ സഭാ നൗകയെ നയിച്ച് 1951 ഏപ്രിൽ 17-ാം തീയതി കുന്നംകുളത്ത് മരുത്തംകോട് ചാപ്പലിൽ വെച്ച് കാലംചെയ്ത പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജീവിതം സഭാമക്കൾക്ക് മാതൃകയാണ്. പരിശുദ്ധ സഭ പരിശുദ്ധനായി പ്രഖ്യാപിച്ചിട്ടില്ല എങ്കിൽ തന്നെയും പരിശുദ്ധ തിരുമേനിയുടെ മദ്ധ്യസ്ഥത മൂലം അനേകർക്ക് അനുഗ്രഹങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ഈ പുണ്യവാന്റെ കബറിങ്കൽ വന്ന് അനുഗ്രഹം പ്രാപിക്കുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അനേക സാക്ഷ്യങ്ങൾ വെളിപ്പെടുത്തുവാൻ ഉണ്ട്. പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രൽ ഇടവകയുടെ ഒരു എളിയ ചുമതലക്കാരനായി പ്രവർത്തിക്കുവാൻ കഴിഞ്ഞ മൂന്നുവർഷകാലം ദൈവം തന്ന വലിയ അനുഗ്രഹത്തിനായി ദൈവത്തെ സ്തുതിക്കുന്നു. ഈ ശുശ്രൂഷ കാലയളവിൽ അനേക അനുഗ്രഹ സാക്ഷ്യങ്ങൾ കേൾക്കുവാനും കാണുവാനുമുള്ള മഹാഭാഗ്യം ലഭിച്ചിട്ടുണ്ട്. ബലഹീനനായ എന്റെ ജീവിതത്തിലും ആ വലിയ അനുഗ്രഹം പ്രാപിക്കുവാൻ കഴിഞ്ഞു.

ആ പുണ്യ പിതാവിന്റെ നാമം കൂടുതൽ അനന്തര തലമുറക്ക് അനുഭവവേദ്യമാക്കുവാൻ പരിശുദ്ധ സഭയായി കാതോലിക്കേറ്റ് രത്നദീപം എന്ന അതുല്യനാമം ചാർത്തിയപ്പോൾ മറ്റുള്ളവർ ഒപ്പം പ്രവർത്തിക്കുവാൻ ലഭിച്ച അവസരത്തിന് ദൈവസന്നിധിയിൽ ശിരസ്സ് നമിക്കുന്നു.

പുത്തൻകാവിന്റെ ദിവ്യതേജസ് പുത്തൻകാവിൽ കൊച്ചുതിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പുണ്യഭൂമിയിൽ പാദം കുത്തുമ്പോൾ തന്നെ ആ ദൈവികാനുഗ്രഹം മനസ്സിൽ നിറയുന്നു. കബറിങ്കൽ സ്ഥാപിച്ചിരിക്കുന്ന തിരുമേനിയുടെ ചിത്രത്തിലേക്ക് സൂക്ഷിച്ചു നോക്കുമ്പോൾ ജീവനോടെ സംസാരിക്കുന്നതായി അനുഭവപ്പെടും. അനേകർക്ക് അഭയമായ കണ്ണുനീർ ഒപ്പുന്ന അനുഗ്രഹത്തിന്റെ ഉറവയാണ് ആ കബറിടം.

കൊച്ചുതിരുമേനിയുടെ കർമ്മഭൂമിയായിരുന്ന ചെങ്ങന്നൂർ ബഥേൽ അരമന പള്ളിയുടെ വികാരിയായി പ്രവർത്തിക്കുമ്പോൾ വളരെയധികം സ്വർഗ്ഗീയ ആനന്ദം ഹൃദയത്തിൽ നിറയുന്നു. ബഥേൽ ദേവാലയത്തിന്റെ തെക്കേഭിത്തിയിൽ പുണ്യ പിതാവിന്റെ അംശവസ്ത്രം വളരെ പവിത്രമായി ഗ്ലാസ് പേടകത്തിൽ സൂക്ഷിച്ചിരിക്കുന്നിടത്തേക്ക് നോക്കുമ്പോഴും കൊച്ചുതിരുമേനിയുടെ സജീവ സാന്നിധ്യം എന്നിൽ നിറയുന്നു. പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ മദ്ധ്യസ്ഥത ഏവർക്കും അനുഗ്രഹമായിത്തീരട്ടെ.

# അപേക്ഷകൾ തിരസ്ക്കരിക്കാത്ത പുത്തൻകാവിൽ കൊച്ചുതിരുമേനി

*എന്റെ കുടുംബ ജീവിതവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രത്യേക തീരുമാനങ്ങൾ എടുക്കുന്നതിന് മുമ്പായി ഞങ്ങൾ കുടുംബമായി കൊച്ചുതിരുമേനിയുടെ കബറിങ്കൽ പോകും. കബറിന് സമീപം ഇരുന്ന് ഞങ്ങൾ ആ വിഷയം സംസാരിക്കും. നാളിതുവരെ തീരുമാനമുണ്ടാകാത്ത ഒരു വിഷയം ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടായിട്ടില്ല.*



**ബേബി ചാൾസ്**
(റിട്ട. എസ്.പി, കേരളാപോലീസ്)
(ചെങ്ങന്നൂർ സെന്റ് ആൻഡ്രൂസ് സി. എസ്. ഐ പള്ളി ഇടവകാംഗം)

ഞാൻ എങ്ങനെയാണ് പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഭക്തനായി തീർന്നതെന്ന് പറയണമെങ്കിൽ എന്റെ ബാല്യകാലം മുതലുള്ള ചില അനുഭവ ങ്ങൾ പറയേണ്ടി വരും.

എനിക്ക് എട്ട് വയസ്സ് പ്രായമുണ്ടായിരുന്ന കാലത്ത് എന്റെ വല്യമ്മച്ചിയുടെ (അമ്മയുടെ അമ്മ) കൈയ്യിൽ തൂങ്ങി ഞാൻ പുത്തൻകാവിൽ പള്ളിയിലേക്കു പോകുമായിരുന്നു. വല്യമ്മച്ചി പുത്തൻകാവിൽ പള്ളിയിൽ അതീവ വിശ്വാസമുള്ള ആളായിരുന്നു. പള്ളിയുടെ മഹത്വങ്ങളെപ്പറ്റിയുള്ള കഥകൾ വല്യമ്മച്ചി പള്ളിയിലേക്കുള്ള യാത്രകൾക്കിടയിൽ എനിക്കു പറഞ്ഞുതരുമായിരുന്നു.

ചെറുപ്പത്തിൽ എന്തൊക്കെ കാര്യങ്ങൾ ഞാൻ കൊച്ചുതിരുമേനിയുടെ കബറിടത്തിൽ പ്രാർത്ഥിച്ചു എന്നെനിക്ക് കൃത്യമായി ഓർമ്മയില്ല. ഒരു പ്രാർത്ഥന ഞാൻ ഓർക്കുന്നു ക്ലാസ്സിൽ ചെന്നാൽ അടി കിട്ടരുതേ എന്ന പ്രാർത്ഥന എന്നാൽ വളർന്നു വരുംതോറും ഒരു കാര്യം എനിക്ക് മനസ്സിലായി. ഞാൻ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിടത്തിൽ പ്രാർത്ഥിക്കുന്ന കാര്യങ്ങൾക്ക് ഒക്കെയും കൊച്ചുതിരുമേനി എനിക്ക് മറുപടി തരുന്നുണ്ട്.

വല്യമ്മച്ചി കാലയവനികക്കുള്ളിൽ മറഞ്ഞു. പക്ഷേ പുത്തൻകാവ് പള്ളിയുമായും കൊച്ചുതിരുമേനിയുമായുള്ള എന്റെ ബന്ധം അപ്പോഴേക്കും ദൃഢമായി കഴിഞ്ഞിരുന്നു.

ഡിഗ്രിക്ക് പഠിക്കുന്നകാലം മുതലാണ് എനിക്ക് പ്രാർത്ഥിക്കാൻ ഒരു പ്രത്യേക വിഷയമുണ്ടായത്. ഒരു നല്ല ജോലി പ്രത്യേകിച്ച് പോലീസിൽ എസ്. ഐ. ആ പ്രാർത്ഥന ഫലിച്ചു. എനിക്ക് എസ്.ഐ ആയി നിയമനം ലഭിച്ചു. ട്രേയിനിംഗിന് ശേഷം ആദ്യ സ്റ്റേഷനിൽ ചാർജ് എടുക്കുന്നതിന് മുമ്പ് ഞാൻ കൊച്ചുതിരുമേനിയുടെ കബറിങ്കൽ എത്തി ഫുൾ യൂണിഫോമിൽ ആദ്യത്തെ സല്യൂട്ട് എന്റെ പുത്തൻകാവിൽ കൊച്ചുതിരുമേനിക്ക് നൽകി. അന്നത്തെ ഇടവക വികാരി എന്നെ പ്രാർത്ഥിച്ച് അയച്ചു.

പോലീസ് സേവനത്തിനിടയിൽ വലിയ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഞാൻ മനമുരുകി കൊച്ചുതിരുമേനിയോട് പ്രാർത്ഥിക്കും. "കൊച്ചുതിരുമേനി എന്റെ തൊപ്പിയും സ്റ്റാറും വടിയുമൊക്കെ ഞാൻ അങ്ങയുടെ പാദത്തിൽ അർപ്പിച്ചതിനുശേഷമല്ലേ ഞാൻ ഈ ജോലി ഏറ്റെടുത്തത്, എന്നെ സഹായിക്കണമേ" എന്ന്.അപ്പോൾ ഏത് വലിയ പ്രശ്നങ്ങളിലും കൊച്ചുതിരുമേനി എന്നെ രക്ഷിക്കും. പിന്നീട് ഞാൻ പ്രാർത്ഥിച്ചത് എന്റെ വിവാഹകാര്യമാണ്. അതും യഥാവിധി നടന്നു. എനിക്ക് അർഹിക്കുന്ന തരത്തിലുള്ള ഒരു തുണയെ ദൈവം തന്നു. പിന്നെ മക്കൾക്കു വേണ്ടി പ്രാർത്ഥിച്ചു. മൂന്ന് മക്കളെ തന്ന് ദൈവം അനുഗ്രഹിച്ചു. എന്റെ കുടുംബ ജീവിതവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രത്യേക തീരുമാനങ്ങൾ എടുക്കുന്നതിന് മുമ്പായി ഞങ്ങൾ കുടുംബമായി കൊച്ചുതിരുമേനിയുടെ കബറിങ്കൽ പോകും. കബറിന് സമീപം ഇരുന്ന് ഞങ്ങൾ ആ വിഷയം സംസാരിക്കും. നാളിതുവരെ തീരുമാനമുണ്ടാകാത്ത ഒരു വിഷയം ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടായിട്ടില്ല.

പിന്നീട് പടിപടിയായി പ്രമോഷൻ ലഭിച്ച് ഞാൻ സി.ഐ, ഡി.വൈ.എസ്.പി, എസ്.പി, എന്നീ നിലകളിൽ എത്തുകയും ചെയ്തു. ഓരോ പ്രമോഷൻ ലഭിക്കുമ്പോഴും ഫുൾ യൂണിഫോമിൽ ഞാൻ കൊച്ചുതിരുമേനിയുടെ കബറിങ്കൽ എത്തും എന്റെ ആദ്യ സലൂട്ട് എപ്പോഴും കൊച്ചുതിരുമേനിയ്ക്ക് ആയിരിക്കും. സർവ്വീസ് കാലത്ത് ഒരുപിടി പ്രശ്നങ്ങൾ എനിക്കു നേരിടേണ്ടി വന്നിട്ടുണ്ട്. എന്നാൽ കൊച്ചുതിരുമേനിയുടെ മദ്ധ്യസ്ഥത എപ്പോഴും എനിക്ക് തണലായിരുന്നു എന്നത് ഞാൻ നന്ദിയോടെ സ്മരിക്കുന്നു. ഇത് വായിക്കുന്ന ചിലർക്കെങ്കിലും അറിയാം ഞാൻ ഒരു ഓർത്തഡോക്സ് സഭാവിശ്വാസി അല്ലെന്ന കാര്യം. എങ്കിലും ഞാനും എന്റെ കുടുംബവും പുത്തൻകാവ് പള്ളിയിലെ നിത്യ സന്ദർശകരാണ്.

എനിക്ക് ലഭിച്ചിട്ടുള്ള എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടം കൊച്ചുതിരുമേനിയുടെ മദ്ധ്യസ്ഥത ആണെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ ഉപകാരസ്മരണയായി കൊച്ചുതിരുമേനിയുടെ അപദാനങ്ങളെ കീർത്തിക്കുന്ന ഗാനങ്ങൾ രചിച്ച് ബഹു. കെ.ഒ തോമസ് അച്ചനുമായി ചേർന്ന് മലങ്കരയുടെ മഹത്വമുള്ള സൈത്ത് എന്ന ഓഡിയോ കാസ്റ്റ് ഇറക്കുന്നതിനുള്ള ഭാഗ്യം എനിക്ക് ലഭിച്ചിട്ടുണ്ട്. ഇനിയും ആ പുണ്യ പാദങ്ങളിൽ വന്ന് പ്രാർത്ഥിക്കുന്നതിനും അനുഗ്രങ്ങൾ നേടുന്നതിനും ദീർഘകാലം ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# പ്രവാചക പ്രതിബദ്ധത നിറവേറ്റിയ മാർ പീലക്സിനോസ്

മലങ്കര സഭയിൽ ആത്മീയ നവോത്ഥാനത്തിന്റെ പ്രധാന ശില്പിയാണ് പുത്തൻകാവിൽ കൊച്ചു തിരുമേനി. ഇടവകയുടെ രക്തധമനികളായി ആദ്ധ്യാത്മീക സംഘടനകളെ അദ്ദേഹം ദർശിച്ചു. ബാബേൽപ്പോലെ പ്രവാസ ഭൂമിയിലെ ശോചനീയാവസ്ഥ കണ്ട് ദൈവനിയോഗം ഏറ്റു വാങ്ങിയ യെഹസ്ക്കേൽ പ്രവാചകനെപ്പോലെ അസ്ഥികൾ കൊണ്ട് നിറഞ്ഞ ഒരു താഴ്വരയിലേക്കാണ് ദൈവം അഭിവന്ദ്യ ഗീവറുഗീസ് മാർ പീലക്സിനോസിനെ നിയോഗിക്കുന്നത്. തുമ്പമൺ ഭദ്രാസനാതിർത്തിയിൽ സഭാഭ്രംശം നടത്തിയ ബഥനിയുടെ മാർ ഇവാനിയോസിന്റെ പ്രലോഭന പ്രളയം കത്തോലിക്കാ സഭയിലേക്ക് കൂടുമാറുവാൻ അനേകരെ പ്രേരിപ്പിച്ചു. മറുവശത്ത് തുമ്പമണ്ണിന്റെ മണ്ണിൽ വേരോട്ടമുള്ള പ്രൊട്ടസ്റ്റന്റ് നവീകരണ ആശയങ്ങളെ ചെറുത്തു നിൽക്കുക എന്നതും വെല്ലുവിളി സൃഷ്ടിച്ചു. ഇത് തുമ്പമൺ ഭദ്രാസനത്തിന്റെ അടിക്കല്ലുകൾ ഇളക്കാൻ തുടങ്ങിയപ്പോൾ സടകുടഞ്ഞെഴുന്നേറ്റ ഓർത്തഡോക്സ് വീര്യം സത്യവിശ്വാസത്തിന്റെ കൊടിക്കൂറയുമായി ഇടവകകൾ തോറും കൊച്ചുതിരുമേനി നടത്തിയ പ്രേഷിത പര്യടനങ്ങൾ പുതിയൊരു ആത്മീയ സംസ്കാര രൂപികരണത്തിന് അനുയോജ്യമായി.

### സുവിശേഷരംഗത്തെ മിന്നൽ പിണർ

മലങ്കര സഭയിൽ കൺവൻഷൻ യോഗങ്ങളുടെ ഉപജ്ഞാതാവ് പുത്തൻകാവിൽ കൊച്ചുതിരുമേനിയാണെന്ന് നിസംശ്ശയം പറയാം. സുവിശേഷയോഗങ്ങൾ അദ്ദേഹത്തിന്റെ ഒരാവേശവും ലഹരിയുമായിരുന്നു. സുവിശേഷ സത്യങ്ങളും അടിസ്ഥാന വിശ്വാസങ്ങളും സഭാമക്കളുടെയിടയിൽ പ്രചരിപ്പിക്കുന്നതിന് ഉത്തമ മാധ്യമമായി കൺവൻഷൻ യോഗങ്ങളെ അദ്ദേഹം കണ്ടു. രണ്ടും മൂന്നും മണിക്കൂറുകൾ തുടർച്ചയായി പ്രസംഗപ്രവാഹത്തിൽ നുറുങ്ങു കഥകളും ചലനാത്മക ഗീതങ്ങളും കോർത്തിണക്കി വിശ്വാസിമനസ്സുകളെ ആത്മീയ മേഖലകളിലേക്ക് കൈപിടിച്ചു നടത്തി. വായിച്ചെടുത്ത നൂതനാശയങ്ങൾ ജീവിതത്തോട് ചേർത്ത് വച്ച് മനുഷ്യ മനസ്സുകളിൽ ചലനവും രൂപാന്തരവും സൃഷ്ടിച്ചു. കടന്നു ചെന്ന പള്ളികളിൽ സൺഡേ സ്കൂൾ, സ്ത്രീസമാജം, യുവജനസംഘം, പ്രാർത്ഥനായോഗം എന്നിവ സ്ഥാപിക്കുകയും ചെയ്തു.

### സൺഡേസ്കൂളുകളുടെ അമരക്കാരൻ

പ്രവാചക പ്രതിബന്ധതയോടെയാണ് കൊച്ചുതിരുമേനി സൺഡേ സ്കൂൾ പ്രസ്ഥാനത്തിലേക്ക് പാദമൂന്നിയത്. അച്ചടക്കവും സൻമാർഗ്ഗനിഷ്ഠയുള്ള ഒരു സമൂഹം രൂപപ്പെടണമെങ്കിൽ കുട്ടികളിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കണം എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ബാല്യകൗമാരവളർച്ചയുടെ ദിശാസന്ധിയിൽ നൽകേണ്ട ആത്മീയ പരിപോഷണം കൃത്യമായി പകർന്നു നൽകുവാൻ സൺഡേസ്കൂൾ പ്രസ്ഥാനത്തെ ഒരു മഹാപ്രസ്ഥാനമാക്കി വളർത്തിക്കൊണ്ടുവരുവാൻ ദൃഢപ്രതിജ്ഞയെടുത്തു. പ്രസ്ഥാനത്തിന്റെ പ്രഥമ പ്രസിഡന്റായി നിയോഗിതനായ തിരുമേനി നൂതനമായ പല കർമ്മപരിപാടികളും ആവിഷ്കരിച്ച് അദ്ധ്യാപനസപര്യയിൽ കാന്തികശക്തിയായി മാറി.



ഫാ. തോമസ് കൊക്കാപ്പറമ്പിൽ
(ഓർത്തഡോക്സ് സഭ ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി)

> *മത മൗലീക ചിന്തകൾക്കപ്പുറം മനുഷ്യവർഗത്തിന്റെ നന്മ ലക്ഷ്യമാക്കി കഴിവും ആരോഗ്യവും സമയവും കാര്യവിചാരക ബോധത്തോടെ കാഴ്ച്ച വച്ച കർമ്മയോഗി ആയിരുന്നു കൊച്ചുതിരുമേനി. മറ്റു മതങ്ങളുടെ സാരം ഗ്രഹിച്ചു സഹവർത്തിത്വത്തോടെ പ്രവർത്തിച്ച് സമൂഹത്തിനു മാതൃക കാട്ടിയ സാമൂഹിക പരിഷ്കർത്താവെന്ന നിലയിൽ ഏവർക്കും പ്രിയങ്കരനായി.*

അദ്ധ്യാപന രംഗത്ത് ഔദ്യോഗിക ജീവിതം മാതൃകാപരമായി നയിച്ചവരെ തിരഞ്ഞുപിടിച്ച് സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ അമരക്കാരാക്കി. ചിട്ടയായ ഭരണസംവിധാനത്തിലൂടെയും ക്രമമായ പരിശീലനകളരികളിലൂടെയും, അദ്ധ്യാപകരെ ചാലകശക്തിയായി രൂപപ്പെടുത്തി. ബാലൻ നടക്കേണ്ട വഴിയിലൂടെ നടത്തുവാനുള്ള സഭയുടെ കടമയും കർത്തവ്യവും അദ്ധ്യാപകരെ ഗ്രഹിപ്പിച്ചു. സഭയുടെ ഭാവിവിധാതാക്കളെ സണ്ടേസ്കൂളുകളിലൂടെ കരുപ്പിടിപ്പിക്കേണ്ടതാണെന്നുള്ള ബോദ്ധ്യം രൂപപ്പെടുത്തി അദ്ധ്യാപനത്തെ ഒരു കൂദാശയായി കണ്ട കൊച്ചുതിരുമേനി ബാലമനസ്സുകളിൽ ഒരു മിന്നൽപ്പിണരായി സ്വാധീനം ചെലുത്തി. സൺഡേസ്കൂൾ അദ്ധ്യാപകർക്ക് സഭാചരിത്രത്തിലും, വേദപുസ്തക പരിജ്ഞാനത്തിലും, അടിസ്ഥാനപ്രമാണങ്ങളിലും വേരോടുവാൻ ക്രമമായി വാർഷിക ക്ലാസ്സുകൾ സംഘടിപ്പിച്ചു. ദൈവവചനമാകുന്ന വിത്തിനെ വിതയ്ക്കുന്ന കർഷകനായ അദ്ധ്യാപകൻ അതിനെ മുപ്പതും അറുപതും നൂറും മേനിയായി വിളയിച്ചെടുത്തുവെങ്കിലെ നമ്മുടെ സഭയ്ക്ക് സഭയായി നാളെ ഇവിടെ നിൽക്കാനാവൂ എന്ന് കൂടെക്കൂടെ അദ്ധ്യാപകരെ ഉദ്ബോധിപ്പിച്ചു. വിദ്യാസമ്പന്നരും വിജ്ഞാനസമ്പന്നരായ അദ്ധ്യാപകരെ പ്രസ്ഥാനത്തിന്റെ തലപ്പത്ത് ക്രമീകരിച്ചു. കൂട്ടായ പ്രവർത്തനം മൂലം സൺഡേസ്കൂളുകളുടെ വളർച്ച ത്വരിതഗതിയിലായി. സൺഡേസ്കൂൾ അഭ്യസനം അഭിമാനകരമാണെന്ന് വിദ്യാർത്ഥികളും, ദൈവനിയോഗം ആണെന്ന് അദ്ധ്യാപകരും തിരിച്ചറിഞ്ഞു. ഏകീകൃതമായ ഒരു പാഠ്യപദ്ധതി സഭയിലാകമാനം ആവിഷ്കരിച്ചപ്പോൾ പ്രസ്ഥാനത്തിന്റെ ഭാവി ഭദ്രമായി.

ആസൂത്രിതവും സംഘടിതവുമായ പ്രവർത്തനങ്ങളിലൂടെ ഒരു ഭാവി തലമുറയെ വാർത്തെടുത്ത ഈ ക്രാന്തദർശി സെക്കുലർ വിദ്യാഭ്യാസരംഗത്തും സ്വന്തമായ സ്വപ്നങ്ങൾക്ക് ചിറകുകൾ മുളപ്പിച്ചു. പുത്തൻകാവ്, പത്തനംതിട്ട, കിഴവള്ളൂർ, തുമ്പമൺ എന്നിവിടങ്ങളിലെ വിദ്യാലയങ്ങൾ മദ്ധ്യതിരുവിതാംകൂറിലെ വിദ്യയുടെ വെളിച്ചം പകരുന്ന സരസ്വതീ ക്ഷേത്രങ്ങളായി പരിലസിക്കുന്നു.

മത മൗലീക ചിന്തകൾക്കപ്പുറം മനുഷ്യവർഗത്തിന്റെ നന്മ ലക്ഷ്യമാക്കി കഴിവും ആരോഗ്യവും സമയവും കാര്യവിചാരകബോധത്തോടെ കാഴ്ച്ച വച്ച കർമ്മയോഗി ആയിരുന്നു കൊച്ചുതിരുമേനി. മറ്റു മതങ്ങളുടെ സാരം ഗ്രഹിച്ചു സഹവർത്തിത്വത്തോടെ പ്രവർത്തിച്ച് സമൂഹത്തിനു മാതൃക കാട്ടിയ സാമൂഹിക പരിഷ്കർത്താവെന്ന നിലയിൽ ഏവർക്കും പ്രിയങ്കരനായി. ദളിത് ക്രൈസ്തവരുടെ ഉന്നമനത്തിനായി അതീവ ജാഗ്രത പുലർത്തി സഭാമക്കൾക്കു മാതൃകയായി ജീവിച്ചു. തെക്കൻ പ്രദേശത്ത് തിരുമേനി അവസാനമായി നടത്തിയ സുവിശേഷപ്രസംഗം കുളനട സെന്റ് ജോർജ്ജ് ചാപ്പൽ അങ്കണത്തിലായിരുന്നു. അവിടെ അദ്ദേഹം നടത്തിയ രണ്ടു പരാമർശങ്ങൾ ഇവയാണ്. 1. 'എരിയുന്ന പന്തം അതിന്റെ സമാപ്തിക്കു മുമ്പായി ആളിക്കത്തും'. 2. 'ചെണ്ട കൊട്ടുമ്പോൾ കലാശക്കൊട്ട് ഉച്ചസ്ഥായിലാകും'. ഈ പ്രസംഗത്തിന്റെ ഓരോ വരികളും വിശ്വാസിമനസ്സുകളിൽ ഒരു ജ്വാല പോലെ ഇന്നും തെളിഞ്ഞു നിൽക്കുന്നു.

***പുണ്യപിതാവിന്റെ മദ്ധ്യസ്ഥത നമുക്ക് അനുഗ്രഹമാകട്ടെ.***



ദിവാൻ സർ.സി.പി രാമസ്വാമി അയ്യരോടൊപ്പം ഒരു പൊതുചടങ്ങിൽ പുത്തൻകാവിൽ കൊച്ചുതിരുമേനി

# മുളക്കുഴ സെന്റ് മേരീസ് പള്ളിയും പുത്തൻകാവിൽ കൊച്ചുതിരുമേനിയും



**പി.എം. കോരുത്**
(റിട്ട. ഹെഡ്മാസ്റ്റർ)
പങ്കാവിൽ, മുളക്കുഴ

പുത്തൻകാവ് വലിയപള്ളി ഇടവകാംഗങ്ങളായ ഇരുപത്തഞ്ചോളം വരുന്ന കുടുംബങ്ങൾ മുളക്കുഴ ഗ്രാമത്തിൽ ചിന്നിചിതറി പാർത്തിരുന്നു. യാത്രാസൗകര്യങ്ങൾ വളരെ പരിമിതമായിരുന്ന ആ കാലത്ത് എല്ലാ ഞായറാഴ്ചയും ആരാധനയിൽ പങ്കെടുക്കുന്നതും തങ്ങളുടെ മക്കളെ സഭാവിശ്വാസത്തിൽ വളർത്തുന്നതും ക്ലേശകരമായ കാര്യമായിരുന്നു. മൃതശരീരങ്ങളും ചുമന്നുകൊണ്ട് കാൽനടയായി പുത്തൻകാവ് വലിയ പള്ളി ശ്മശാനത്തിൽ കൊണ്ടുപോയി സംസ്ക്കരിച്ചിരുന്നത് ഇന്നത്തെ തലമുറയ്ക്ക് ചിന്തിയ്ക്കുവാൻ പോലും കഴിയുന്ന കാര്യമല്ല.

പുത്തൻകാവ് വലിയപള്ളിയുടെ വികാരിയായിരുന്ന കിഴക്കേത്തലയ്ക്കൽ വന്ദ്യതോമ്മാ കത്തനാരുടെ നിര്യാണത്തിനുശേഷം, ആ കാലത്ത് സഹായപട്ടക്കാരനായിരുന്ന അയിരുക്കുഴിയിൽ വന്ദ്യ എ.ജി. തോമസ് കത്തനാർ ചില അഭിപ്രായ ഭിന്നതകളെ തുടർന്ന് അയിരുക്കുഴിലച്ചൻ മലങ്കര റീത്തിൽ ചേർന്നു. ഏറെ താമസിയാതെ മോടിശ്ശേരിൽ വന്ദ്യ എം.പി. മാത്യൂസ് കത്തനാരെ വികാരിയായി കൊച്ചുതിരുമേനി നിയമിച്ച്, നിലവിലിരുന്ന ഇടവക പട്ടക്കാരുടെ ഭരണ രീതിയ്ക്ക് അന്ത്യം കുറിച്ച്, പള്ളിയുടെ ഭരണക്രമത്തിന് ശാശ്വതമായ പരിഷ്ക്കാരം വരുത്തി.

മാർ ഈവാനിയോസ് മലങ്കര റീത്തിലേക്ക് സഭാവിശ്വാസികളെ വട്ടമിട്ട് പിടിക്കുന്ന കാലം. അയിരുകുഴിലച്ചൻ റീത്തിൽ പോയതിനെ തുടർന്ന് തന്റെ മാതൃഇടവകയിലെ ഒരു വ്യക്തിപോലും റീത്തിൽ പോകരുതെന്ന് കൊച്ചുതിരുമേനിയ്ക്ക് നിർബന്ധമുണ്ടായിരുന്നു. ഈവാനിയോസ് തിരുമേനിയും അയിരുക്കുഴിലച്ചനും യാത്രാമദ്ധ്യേ അയിരുക്കുഴിലച്ചന്റെ സഹോദരിഭർത്താവിന്റെ ഭവനാംഗങ്ങളുമായി സംസാരിയ്ക്കുന്നതിന് ഈ ദിവസങ്ങളിൽ ഇടയായി. മുളക്കുഴയിൽ ഒരു റീത്തു പള്ളി സ്ഥാപിക്കാമെന്നും, കുറഞ്ഞത് പത്തു വീട്ടുകാരെങ്കിലും മതിയെന്നും അങ്ങനെ പുത്തൻകാവ് പള്ളിയിലേക്കുള്ള യാത്രാക്ലേശം പരിഹരിയ്ക്കാമെന്നും തിരുമേനി സൂചിപ്പിച്ചു. ഈ വാർത്ത കൊച്ചുതിരുമേനിയുടെ ചെവിയിൽ എത്തി. മുളക്കുഴയിലെ ഈ വീട്ടുകാർ റീത്തിൽ പോകുമെന്ന ശ്രുതി പരന്നു.

പുത്തൻകാവ് വലിയപള്ളി പെരുന്നാളിനോടനുബന്ധിച്ചുള്ള കൺവൻഷനിൽ സംബന്ധിക്കുവാൻ എത്തിയ മുന്നാല് ബാലന്മാർക്ക് കൊച്ചുതിരുമേനിയെ കാണുവാനും കൈമുത്തുവാനും അവസരം ലഭിച്ചു. അയിരുക്കുഴിലച്ചന്റെ അനന്തിരവന്മാർ ഈ ബാലന്മാരിൽ ഉണ്ടെന്ന് മനസ്സിലാക്കിയ തിരുമേനി അതിലെ മുതിർന്ന ബാലനായിരുന്ന ഈ ലേഖകനെ അരികെ വിളിച്ച് കൈവലയത്തിലാക്കി സ്വതസിദ്ധമായ ഗ്രാമീണ ഭാഷയിൽ പറഞ്ഞു നിന്റെ അപ്പനോട് പറയണം എന്നോട് പറഞ്ഞിട്ടേ റീത്തിൽ പോകാവു എന്ന് അതിനാൽ വികാരിയായ മോടിശ്ശേരീലച്ചനോട് മുളക്കുഴയിലെ ഇടവക ഭവനങ്ങളിലെല്ലാം നിരന്തരം സന്ദർശിച്ച് അവരുടെ ആത്മീക കാര്യങ്ങളിലും ബുദ്ധിമുട്ടുകളിലും പ്രത്യേകം ശ്രദ്ധിക്കണമെന്നും നിഷ്കർശിച്ചിരുന്നു. അച്ചൻ അത് പൂർണ്ണമായി അനുസരിച്ചു. അച്ചന്റെ ഈ സന്ദർശനമാണ് മുളക്കുഴയിൽ സൺഡേസ്കൂൾ ആരംഭിക്കുന്നതിന് കാരണമായത്. ആദ്യ വർഷത്തെ സൺഡേസ്കൂൾ വാർഷികത്തിൽ അദ്ധ്യക്ഷൻ തിരുമേനിയായിരുന്നു. അദ്ദേഹത്തിന്റെ കൈകളിൽ നിന്നും സമ്മാനം വാങ്ങിയ ഈ ലേഖകൻ ഉൾപ്പെടെ അപൂർവ്വം ആളുകൾ ഇന്നും ആ ഓർമ്മ പങ്കിടുന്നുമുണ്ട്. ഏകദേശം ആറേഷു വർഷങ്ങൾ ഈ സ്ഥിതി തുടർന്നു.



കൊച്ചുതിരുമേനിയുടെ അനുഗ്രഹാശിസ്സും, മോടിശ്ശേരീലച്ചന്റെ ഉത്തേജനവും മുളക്കുഴയിലെ വിശ്വാസി സമൂഹത്തിന്റെ അത്യാവശ്യവും മൂലം മുളക്കുഴയിൽ പുത്തൻകാവ് പള്ളിയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന 12 സെന്റ് സ്ഥലത്ത് ഒരു സൺഡേസ്കൂൾ കെട്ടിടം പണിയുക എന്ന ആശയം രൂപപ്പെട്ടു. പുത്തൻകാവ് പള്ളി പുരയിടത്തിലെ തടിയും പള്ളി ട്രസ്റ്റിൽ നിന്ന് കിട്ടിയ സാമ്പത്തിക സഹായവും മുളക്കുഴ സൺഡേസ്കൂളിലെ കരോൾ പിരിവുകളും ആദ്യഫലശേഖരണ നിധിയും ചെറിയ സംഭാവനകളും ഈ കെട്ടിടം പണിപൂർത്തീകരിക്കുവാൻ സഹായകമായി.

മുളക്കുഴയിലെ സൺഡേസ്കൂൾ കെട്ടിടം പൂർത്തിയായ വിവരം മനസ്സിലാക്കിയ കൊച്ചുതിരുമേനി ഒരു ദിവസം സൺഡേസ്കൂൾ കെട്ടിടം സന്ദർശിച്ചു. ഈ സന്ദർശന വിവരം മോടിശ്ശേരീലച്ചനെ അറിയിച്ച തിരുമേനി, ചില സുപ്രധാന നിർദ്ദേശങ്ങളും നൽകി സൺഡേസ്കൂൾ കെട്ടിടത്തിന്റെ കിഴക്കുഭാഗം മദ്ബഹായാക്കത്തക്കവണ്ണം അര അടി ഉയർത്തണം. തെക്കുവശത്തായി ഒരു മുറിയും വരാന്തയും നിർമ്മിക്കണം. ഞാൻ കുന്നംകുളത്ത് മരുത്തംങ്കോട്ട് ചാപ്പലിലെ ശുശ്രൂഷകൾ നിർവ്വഹിച്ചതിനുശേഷം മടങ്ങിവന്ന് ചാപ്പൽ കൂദാശ ചെയ്യാമെന്നും തിരുമേനി കൽപ്പിച്ചു. തിരുമേനിയുടെ നിർദ്ദേശാനുസരണം മുളക്കുഴയിൽ പണിത സൺഡേസ്കൂൾ കെട്ടിടം ചാപ്പലായി പണിതു പൂർത്തിയാക്കി. നാളുകൾക്കുശേഷമുള്ള ആ അസുലഭ അവസരത്തിനായി കാത്തിരുന്നു. മുളക്കുഴക്കാരുടെ താങ്ങും തണലുമായിരുന്ന കൊച്ചുതിരുമേനി 1951 ഏപ്രിൽ 17–ാം തീയതികുന്നംകുളത്ത് മരുത്തംങ്കോട്ട് ചാപ്പലിൽ വച്ച് കാലം ചെയ്തു എന്ന ഞെട്ടിക്കുന്ന ദുഃഖവാർത്തയാണ് പിന്നീട് കേട്ടത്. മലങ്കര സഭയോടൊപ്പം ഈ ചെറിയ വിശ്വാസി സമൂഹത്തേയും ഇത് ദുഃഖത്തിലാഴ്ത്തി. കൊച്ചുതിരുമേനി കാലം ചെയ്തതിനുശേഷം കണ്ടനാട് മെത്രാപ്പോലീത്തായായിരുന്ന ഔഗേൻ മാർ തിമോത്തിയോസ് തിരുമേനിതുമ്പമൺ ഭദ്രാസന സഹായ മെത്രാപ്പോലീത്തായായി നിയമിതനായി.

തുടർന്ന് മോടിശ്ശേരീലച്ചൻ നിരന്തരമായി ഔഗേൻ തിരുമേനിയെ സന്ദർശിച്ച്, കൊച്ചു തിരുമേനിയുടെ നിർദ്ദേശാനുസരണം മുളക്കുഴയിൽ പൂർത്തീകരിച്ച കെട്ടിടത്തെപ്പറ്റിയും, അത് ചാപ്പലായി കൂദാശ ചെയ്യാമെന്നുള്ള തിരുമേനിയുടെ പൂർത്തീകരിക്കാത്ത അന്ത്യാഭിലാഷത്തെയും ബോദ്ധ്യപ്പെടുത്തി. 8 മാസങ്ങൾക്കു ശേഷം തുടർന്ന് പുത്തൻകാവ് വലിയപ്പള്ളിയുടെ ചാപ്പലായി കൂദാശ ചെയ്ത് വി. കുർബ്ബാന അർപ്പിക്കുവാൻ ഇടവക മെത്രാപ്പോലീത്താ അനുവാദ കൽപ്പന നൽകി. 1951 ഡിസംബർ 23–ാം തീയതി വികാരി മോടിശ്ശേരിൽ എം.പി. മാത്യൂസ് കത്തനാർ ആദ്യ കുർബ്ബാന അർപ്പിച്ചു. 20 വർഷ ത്തോളം പുത്തൻകാവ് വലിയപള്ളിയുടെ ചാപ്പലായിരുന്നു. ഇന്നു കാണുന്ന ദേവാലയത്തിന്റെ ശിലാസ്ഥാപനത്തോടെ 1970 ഒക്ടോബർ 20 ന് മുളക്കുഴ ചാപ്പൽ സ്വതന്ത്ര ഇടവകയായി.

മാതൃദേവാലയമായ പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിന്റെ പെരുന്നാളിലും മറ്റു വിശേഷ ദിവസങ്ങളിലും ആരാധനകളിൽ സംബന്ധിച്ചും വിശിഷ്യാ കൊച്ചു തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിൽ കബറിങ്കലേക്ക് പദയാത്ര നടത്തിയും ആ പരിശുദ്ധ പിതാവിൽ നിന്നും ലഭിച്ച മഹാനുഗ്രഹത്തെ പ്രാർത്ഥനാ നിർഭരമായി നന്ദിയോടെ സ്മരിക്കുന്നു.

## പുത്തൻകാവിൽ കൊച്ചുതിരുമേനി

# വിശ്വാസികൾക്ക് പ്രത്യക്ഷനാകുന്ന ഗാനകോകിലം



ആർട്ടിസ്റ്റ് ബേബി
ചെങ്ങന്നൂർ

മലങ്കര ഓർത്തഡോക്സ് സഭയുടെ, കാതലായ വിശ്വാസ സത്യങ്ങൾ മാറ്റേറുന്ന വചന ഘോഷണങ്ങളാൽ സഭയുടെ ഒരറ്റം മുതൽ മറ്റേ അറ്റംവരെയുള്ളവരെ പ്രബുദ്ധരാക്കിയ പീലക്സിനോസ് തിരുമേനി.

സഭാനേതൃത്വം ഒരു സമയത്ത് സംശയദൃഷ്ടിയോടെ തിരുമേനിയെ നിരീക്ഷിച്ചിരുന്നു. കാരണം വിശ്രമമില്ലാതെ ഒരു കൊച്ചുമെത്രാച്ചൻ ഓടിനടന്ന് നേടുന്നതൊക്കെ എങ്ങനെയായിത്തീരും എന്ന് ചിന്തിച്ചവരുണ്ട്. അവർക്കെല്ലാം മഹത്തായ മാതൃക ലഭിച്ചത് കാലം ചെയ്തശേഷം തിരുമേനിയുടെ ഡയറിക്കുറിപ്പ് പരിശോധിച്ചപ്പോഴാണ്.

***അദ്ദേഹം ധരിച്ചിരുന്ന ചുവന്ന ളോഹയുടെ നെഞ്ചുപടിയിൽ കുത്തിവച്ചിരുന്ന പേന പോലും കാതോലിക്കാ സിംഹാസനത്തിന്റെ സ്വത്തായിട്ട് രേഖപ്പെടുത്തിയിരുന്നു.***

തിരുമേനി ജീവിതകാലത്ത് ഒരാൾക്കു മാത്രമേ വൈദികപട്ടം കൊടുത്തിട്ടുള്ളു. ദിവംഗതനായ വാഴമുട്ടത്ത് ബ: ജോഷാ അച്ചൻ. ഇപ്പോൾ അമേരിക്കയിലുള്ള പി.എസ്. ശമുവേൽ അച്ചൻ, ബഥേലിൽ 50 വർഷം മാനേജരായിരുന്ന ദിവംഗതനായ പുലിമുഖത്ത് പി.ജി, ജോർജ്ജച്ചൻ, ദിവംഗതരായ ബ: ളാക്കൂരച്ചൻ, ഗബ്രിയേൽ അച്ചൻ, കാലം ചെയ്ത ദാനിയേൽ മാർ പീലക്സിനോസ് തിരുമേനി, നാരങ്ങാനത്ത് തോമസ് അച്ചൻ, കാലംചെയ്ത യൗസേബിയോസ് തിരുമേനി മുതലായവർ കൊച്ചുതിരുമേനിയുടെ ആത്മീയ ആകർഷണ വലയത്തിലെത്തി പിന്നീട് വൈദികപദവി നേടി ശോഭിച്ചവരാണ്. പാത്താമുട്ടത്ത് കുറിയാക്കോസ് റമ്പാൻ, തിരുവാങ്കോട് ഗീവറുഗീസ് റമ്പാൻ ഇടനാട്ടു ബർസ്ലീബാ റമ്പാൻ ഇവരെല്ലാം ബഥേൽ അരമനയിൽ ദീർഘകാലം അന്തേവാസികളായിരുന്നു.

കൂടുതൽ പേർക്ക് എന്താണ് പട്ടം കൊടുക്കാത്തതെന്ന് ഒരിക്കൽ ചോദിച്ചപ്പോൾ യോഗ്യതയുള്ള തക്ക ആരെങ്കിലും വരേണ്ടേ എന്നാണ് തിരുമേനി മറുപടി പറഞ്ഞത്. അദ്ദേഹത്തെ നേരിൽ കാണുകയും ആ അധരപുടങ്ങളിൽ ഉതിർത്തതായ ഗാനശകലങ്ങൾ കേട്ട്, ആത്മീയ ലഹരിയിൽ ആറാടുകയും ചെയ്തിട്ടുള്ള അനേകം സഭാമക്കൾ ഇന്നും ജീവിച്ചിരിപ്പുണ്ട്. നാളിതുവരെ ആ ശബ്ദവീചികൾ മറ്റാരിൽ നിന്നും അതേപടി ശ്രവിക്കുവാൻ കഴിഞ്ഞിട്ടില്ല. അതൊരു പരമസത്യം ആണ്. അക്കാലത്ത് ടേപ്പ് റിക്കാർഡർ ഉണ്ടായിരുന്നോ എന്നറിയില്ല. ആരെങ്കിലും റിക്കാർഡ് ചെയ്യാൻ ശ്രമിച്ചതായും അറിവില്ല. അങ്ങനെയൊരു സംവിധാനം അന്ന് ചെയ്തിരുന്നു എങ്കിൽ ഇന്നത്തെ തലമുറയ്ക്ക് അതൊരു മുതൽക്കൂട്ടാകുമായിരുന്നു. അദ്ദേഹം അർപ്പിച്ചിട്ടുള്ള വിശുദ്ധ ബലിയെക്കുറിച്ച് ഓർക്കുമ്പോൾ മിഴികൾ ഈറനണിയുകയാണ്. രണ്ടു കവിളുകളിൽ കൂടിയും കണ്ണീർചാലുകൾ ഒഴുക്കിക്കൊണ്ട് വിശുദ്ധ കുർബ്ബാനയിൽ ചൊല്ലുന്ന ‘ദൈവമേ എന്നോടുത്തരമരുളി ചെയ്യണമേ! – അനിൻ മൊറിയോ – എന്ന ഗദ്ഗദപൂർണ്ണമായ അപേക്ഷ ഏതൊരു ശിലാഹൃദയത്തെയും വിങ്ങിപ്പൊട്ടുമാറ് ശോകാർദ്രമാക്കുമായിരുന്നു.

എന്നാൽ തിരുമേനി എനിക്കു നൽകിയ അദൃശ്യമായ അനുഗ്രഹം വിവരിക്കാതെ തരമില്ല. പുത്തൻകാവ് കബറിടം പുതുക്കിപ്പണിയുന്ന സമയം. വടശ്ശേരൃത്ത് ഗബ്രിയേൽ അച്ചനായിരുന്നു അന്നത്തെ പള്ളി വികാരി. കബറിങ്കൽ തിരുമേനിയുടെ വടിയും മുടിയും, കറുത്ത കുപ്പായവുമുള്ള ചിത്രം സ്ഥാപിച്ചിട്ടുണ്ട്. എന്റെ ഗുരുസ്ഥാനീയനായ, പരേതനായ ആർട്ടിസ്റ്റ് എൻ. എൻ. നമ്പ്യാർ വരച്ച ചിത്രം ആയിരുന്നു. അതു വലിപ്പമുള്ളതല്ല. കാൽമുട്ടുവരേ ഉള്ളു. അതിനാൽ പാദം വരെയുള്ള പൂർണ്ണമായചിത്രം വേണമെന്ന് പറഞ്ഞു പക്ഷേ അച്ചന്റെ വ്യവസ്ഥ ഇപ്രകാരം ആയിരുന്നു. തിരുമേനിയെ ഏവരും സാധാരണ മസ്നപ്സാ ശിരസ്സിൽ ധരിച്ചേ കണ്ടിട്ടുള്ളു. കൂടാതെ കൈയിൽ അംശവടി പിടിച്ച് നിൽക്കയും വേണം. ഞാൻ കുഴങ്ങി, ചിന്താകുഴപ്പത്തിലായി. ഉറങ്ങുംമുമ്പ് പ്രാർത്ഥനാമദ്ധ്യേ ഈ കാര്യം ഓർത്ത് പ്രാർത്ഥിച്ചു. **ഉറക്കത്തിൽ ഞാൻ ഒരു സ്വപ്നം കണ്ടു. അതിപ്രകാരമാണ്. തേജോമയനായി പുത്തൻകാവ് കൊച്ചുതിരുമേനി, അംശവസ്ത്രങ്ങൾ അണിഞ്ഞ് (കുർബ്ബാന കാപ്പ അണിഞ്ഞ്) ശിരസ്സിൽ മസ്നപ്സായും, വലതുകൈയിൽ സ്ലീബായും ഇടതു കൈയിൽ അംശവടിയും ഏന്തി നൽക്കുന്ന ദർശനം ഉണ്ടായി. അങ്ങനെ പുത്തൻകാവ് കബർ മുറിയിൽ കൊച്ചുതിരുമേനിയുടെ പാദം വരെയുള്ള ദീർഘകായ ചിത്രം എഴുതി സ്ഥാപിച്ചു.**

അഭിവന്ദ്യ തിരുമേനി മലങ്കരസഭയുടെ അഭിമാനഭാജനമായിരുന്നു. ആദ്ധ്യാത്മിക ജേതാവായിരുന്നു. ആരാദ്ധ്യനായ അഭിഷിക്തനായിരുന്നു. അനർഗ്ഗള ഗീതങ്ങളുതിർത്ത മാംസള മണിവീണയായിരുന്നു. ദൈവിക മർമ്മങ്ങളെ അനുവാചകരിൽ വേണ്ടവിധം അവതരിപ്പിക്കുവാൻ തന്റെ വാക്ധോരണിയാൽ കഴിഞ്ഞിരുന്ന – മലങ്കരസഭയുടെ സത്യവിശ്വാസത്തിന്റെ പൊരുളുകൾ ഇഴപിരിയാതെ കോർത്തിണക്കി സഭാമക്കളെ ഉൽബുദ്ധരാക്കിയ – കർമ്മയോഗിയായിരുന്നു കൊച്ചുതിരുമേനി.

പിതാവേ, അങ്ങയുടെ മദ്ധ്യസ്ഥത ഞങ്ങൾക്ക് കോട്ടയായിരിക്കട്ടെ.

# പുത്തൻകാവിൽ കൊച്ചുതിരുമേനി
# പാവങ്ങളെ സ്നേഹിച്ച പുണ്യപിതാവ്



1950 കാലഘട്ടത്തിൽ പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ ആണ് പുത്തൻകാവിൽ കൊച്ചുതിരുമേനി എന്ന ദിവ്യതേജസ്സിനെ മനസ്സിലാക്കുവാൻ കഴിഞ്ഞത്. ഉച്ചയ്ക്ക് ഭക്ഷണം കഴിക്കാൻ കഴിയാതെ പച്ചവെള്ളം കുടിച്ച് മുഖം കഴുകി പുത്തൻകാവ് സ്കൂളിൽ പഠിക്കുന്ന കാലം. ഞാൻ ഭക്ഷണം കഴിക്കാതെയാണ് പഠിക്കുന്നതെന്ന് മനസ്സിലാക്കി തിരുമേനി എന്നും തന്റെ ഒപ്പം ഇരുത്തി എനിക്ക് ഭക്ഷണം നൽകി. തിരുമേനി സ്കൂളിൽ ഇല്ലാത്ത അവസരത്തിൽ എനിക്ക് ഭക്ഷണം നൽകാനുള്ള ക്രമീകരണം ചെയ്തു.

ഞങ്ങളുടെ ക്ലാസ്സിൽ കയറിവന്ന് വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഉയരുവാൻ സാധിക്കുകയുള്ളു എന്ന തിരുമേനിയുടെ ശക്തമായ ഉപദേശം ഞാൻ ഓർമ്മിക്കുന്നു. കവിത എഴുതിയ തിന് തിരുമേനിയുടെ കയ്യിൽ നിന്ന് സമ്മാനം വാങ്ങുന്നതും തിരുമേനി തോളിൽ തട്ടി അഭിനന്ദിക്കുന്നതും ഇന്നും മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

പുത്തൻകാവ് പള്ളിയിൽ അന്ത്രയോസ് ബാവായുടെ പെരുന്നാളിന് സമൂഹസദ്യയ്ക്ക് ഇരിക്കാൻ കഴിയാതെ നിന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഒരു വ്യക്തിയെ തിരുമേനി സ്റ്റേജിൽ തന്റെ ഒപ്പം ഇരുത്തി ഭക്ഷണം നൽകിയത് ഞാൻ ഓർമ്മിക്കുന്നു. പിന്നോക്കക്കാരെയും പാവപ്പെട്ടവരെയും ജാതി മത ഭേദമില്ലാതെ സ്നേഹിച്ച മഹാത്മാവായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി. തിരുമേനിയുടെ അനുഗ്രഹംകൊണ്ട് എം.ജി. യൂണിവേഴ്സിറ്റിയിൽ ഒരു ജീവനക്കാരനായി ജോലിചെയ്ത് റിട്ടയർ ചെയ്ത് സന്തോഷമായി ജീവിക്കാൻ എനിക്ക് കഴിഞ്ഞു.

ജീവിതത്തിൽ ഒരു വിഷമപ്രശ്നം വന്നാൽ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിടത്തിൽ ചെന്ന് പ്രാർത്ഥിച്ചാൽ അതിന് പരിഹാരമുണ്ടാകും. ഞാനും എന്റെ ഭാര്യയും അതിന് അനുഭവസ്ഥരാണ്. പുത്തൻകാവിൽ കൊച്ചുതിരുമേനി എന്നോട് കാണിച്ച സ്നേഹം മരണംവരെയും എന്റെ ഓർമ്മയിൽ നിറഞ്ഞുനിൽക്കും.

**പി.എം. നാരായണൻ, പിരളശ്ശേരി**

# സ്വർഗ്ഗത്തിലെ രത്നദീപം

പിരളശേരി ദേശവുമായി വലിയ ആത്മബന്ധമുള്ള പിതാവാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി. എത്ര തലമുറകൾ കഴിഞ്ഞാലും പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഓർമ്മകൾ മങ്ങാതെ മായാതെ ഈ സമൂഹത്തിൽ നിലനിൽക്കും എന്നത് ചരിത്രസത്യമാണ്.

പിരളശ്ശേരി പള്ളിയുടെ വികാരിയായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പിതാവ് തോമ്മാ കത്തനാർ. തോമ്മാകത്തനാർക്കൊപ്പം ചെറുപ്രായത്തിൽ തന്നെ കെ.ടി. ഗീവറുഗീസ് (പുത്തൻകാവിൽ കൊച്ചുതിരുമേനി) പിരളശ്ശേരി പള്ളിയിൽ വരുമായിരുന്നു. പള്ളിയ്ക്ക് തൊട്ട് സമീപത്ത് ആണ് എന്റെ കുടുംബം താമസിച്ചിരുന്നത്. തോമ്മാ കത്തനാർക്കും മകനും എന്റെ വല്യമ്മച്ചി പലപ്പോഴും ഭക്ഷണം ഉണ്ടാക്കി കൊടുത്തിരുന്നു. അത് ഞങ്ങളുടെ കുടുംബത്തിന്റെ അനുഗ്രഹത്തിന് കാരണമായി എന്ന് ഞാൻ വിശ്വസിക്കുന്നു.

ചെറുപ്രായം മുതൽ പിരളശ്ശേരി പള്ളിയിൽ പ്രാർത്ഥനകൾ ചൊല്ലിയിട്ടുള്ള പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അനുഗ്രഹമാണ് ഇന്ന് പിരളശ്ശേരി കാതോലിക്കേറ്റ് സിംഹാസനപള്ളി നേടിയിട്ടുള്ള കീർത്തിക്ക് ഒരു കാരണം. വി. ഗീവറുഗീസ് സഹദായുടെ തിരുശേഷിപ്പ് സ്ഥാപിച്ച ദേവാലയം എന്ന ബഹുമതി ഈ നാടിന് എന്നും അനുഗ്രഹമാണ്.

പിരളശ്ശേരി പ്രദേശത്ത് നിന്ന് വാഹനസൗകര്യമില്ലാത്ത ഒരു കാലഘട്ടത്തിൽ പുത്തൻകാവ് പള്ളിയിൽ പോയി ആരാധനയിൽ സംബന്ധിക്കുവാനുള്ള പ്രയാസമാണ് പിരളശ്ശേരിയിൽ ഒരു ദേവാലയം സ്ഥാപിക്കുവാൻ ഇടയാക്കിയത്.

പുത്തൻകാവിൽ കൊച്ചുതിരുമേനി റീത്ത് പ്രസ്ഥാനത്തിന്റെ കാറ്റിനെ തടഞ്ഞുനിർത്തി ഓർത്തഡോക്സ് വിശ്വാസികളെ സംരക്ഷിച്ച മലങ്കരസഭയുടെ ഹിമാലയപർവ്വത സമമായ മഹാവ്യക്തിത്വമായിരുന്നു. എന്റെ എളിയ സഭാസ്നേഹത്തിന് വലിയ പ്രചോദനം പുത്തൻകാവിൽ കൊച്ചുതിരുമേനിയായിരുന്നു. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പുണ്യപാദം പതിഞ്ഞ പിരളശ്ശേരി കാതോലിക്കേറ്റ് സിംഹാസനപ്പള്ളി ഇടവാകാംഗങ്ങൾക്ക് പരിശുദ്ധ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ മദ്ധ്യസ്ഥത ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.



**സി.സി. ചെറിയാൻ**
**ചാരുനിൽക്കുന്നതിൽ**
മുൻ സഭാ മാനേജിംഗ്
കമ്മറ്റി അംഗം

# മലങ്കരസഭയ്ക്ക് നഷ്ടമായ കാതോലിക്ക



എ. ഇ. അലക്സാണ്ടർ (കുഞ്ഞച്ചൻ)
അവിരാതരകൻ പീടികയിൽ
പുത്തൻകാവ്

പുത്തൻകാവ് കൊച്ചുതിരുമേനി ഞങ്ങളിൽ നിന്ന് പിരിഞ്ഞിട്ട് 64 വർഷമായി. അവിടുത്തെ മായാത്ത രൂപം മനസ്സിൽ കണ്ട് പഴയകാല സ്മരണകൾ പുതുക്കട്ടെ. രണ്ടു വർഷക്കാലം തിരുമേനിയുമായി ഒന്നിച്ചു താമസിക്കുവാൻ എനിക്കു കഴിഞ്ഞു. എന്നെ ആ ദിവസം വിളിപ്പിച്ച് 'ഞാൻ മദ്രാസിൽ ചികിത്സയ്ക്ക് പോവുകയാണ്. നീ അവിടെ പൊതേലിൽ (അഥവാ ഇന്നത്തെബഥേലിൽ) വന്നു താമസിക്കണം.' ഞാൻ സമ്മതിച്ചു. പടിപ്പുരയ്ക്കൽ കുഞ്ഞപ്പിയെ വിളിച്ച് ട്രസ്റ്റി സ്ഥാനം ഏൽപ്പിച്ചു. പല അസുഖങ്ങളും ഉള്ളതിനാൽ തിരുമേനി ആറുമാസക്കാലം മദ്രാസിൽ താമസിച്ചു. അവിടെ നിന്നു വന്ന് കോട്ടയം ജില്ലാ ആശുപത്രിയോടു ചേർന്നുള്ള ഒരു കെട്ടിടത്തിൽ താമസിച്ചു. അവിടെ വച്ച് പ്രമേഹരോഗം മൂലം കയ്യേൽ നീരുവന്നു. ഓപ്പറേഷൻ ചെയ്തു. അടുത്ത ദിവസം അർദ്ധരാത്രിയിൽ കയ്യിലെ കുത്തിക്കെട്ട് അഴിഞ്ഞ് രക്തം ധാരധാരയായി ഒഴുകുവാൻ തുടങ്ങി. ആ സമയം പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായ്ക്ക് ഒരു ദർശനം ഉണ്ടായി. പീലക്സിനോസ് തിരുമേനിക്ക് എന്തോ അപകടം ഉണ്ടാകുവാൻ പോകുന്നു. എത്രയും വേഗം ചെല്ലുക എന്ന്. അദ്ദേഹം ഉടൻ തന്നെ ഡ്രൈവറെ വിളിച്ച് വണ്ടി ഇറക്കി ആശുപത്രിയിൽ ചെന്നു കണ്ടകാഴ്ച്ച ഭയാനകമായിരുന്നു. മുറിവിൽ നിന്നു രക്തം ഒഴുകുന്നു. ഉടൻ ഡോക്ടർ വന്ന് മുറിവു കെട്ടി. ഏതു കാര്യവും സീരിയസായി എടുക്കുന്ന സ്വഭാവക്കാരനായിരുന്നു തിരുമേനി. കോട്ടയത്തെ ചികിത്സ കഴിഞ്ഞ് പള്ളി അരമനയിൽ കുറച്ചു നാൾ തങ്ങി. അക്കാലത്താണ് പറന്തൽ പള്ളി പണികഴിപ്പിച്ചത്. പറന്തൽ മനുഷ്യ സഞ്ചാരം ഇല്ലാത്ത കാടുംമേടും മോഷ്ടാക്കളും നിറഞ്ഞ, ഒരു സ്ഥലം ആയിരുന്നു. അവിടെ ഒരു ഈഴവ കുടുംബവുമായി തിരുമേനിയ്ക്ക് വളരെ സൗഹൃദമുണ്ടായിരുന്നു. തന്നിമിത്തം നാട്ടുകാർക്കുവേണ്ടി ഒരു ചന്തയ്ക്ക് അനുവാദം വാങ്ങിക്കൊടുത്തു. ആ കുടുംബം ഇപ്പോഴും തിരുമേനിയുടെ കബറിങ്കൽ വരും. അങ്ങനെ ഇരിക്കവെയാണ് പത്തനംതിട്ട ബേയ്സിൽ ദയറാ, കാതോലിക്കേറ്റ് കോളേജ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് ആരംഭം ഇട്ടത്.

മാക്കാംകുന്ന് എന്ന പേരു കേട്ടാലേ ആ സ്ഥലത്തിന്റെ രൂപവും ഭാവവും മനസ്സിലാകും. മനുഷ്യസഞ്ചാരം ഇല്ലാത്തതും കുന്നിൻ മുകളിൽ സ്ഥിതിചെയ്യുന്നതുമായ ആ കുറ്റിക്കാടു നിറഞ്ഞ കുന്നിനെ സ്വർഗ്ഗതുല്യമാക്കുവാൻ തിരുമേനിക്കു കഴിഞ്ഞു. ഇവിടെയെല്ലാം സഞ്ചരിക്കുവാൻ തിരുമേനിക്ക് സ്വന്തമായി ഒരു വാഹനം ഇല്ലായിരുന്നു. ഓപ്പൺ ബോഡിയുള്ള ബസിന്റെ മുൻസീറ്റിൽ ഇരുന്നു യാത്ര ചെയ്യും. അങ്ങനെ കുറെക്കാലം കഴിഞ്ഞ് നാട്ടുകാർ ഒരു പഴയ കാർ വാങ്ങിക്കൊടുത്തു. പുത്തൻകാവുകാരൻ അമ്മാൾ ആയിരുന്നു ഡ്രൈവർ. അന്നുമുതൽ അനേകവർഷം അമ്മാൾ തിരുമേനിയുടെ സാരഥിയായി.

കാപ്പ കൂടാതെ രണ്ടു ജോഡി ഡ്രസ്സു മാത്രം. അഴകേറിയ ശരീരം, ഇമ്പകരമായി പാട്ടു പാടാനുള്ള കഴിവ്. നല്ല പ്രസംഗം, മികച്ച സ്പോർട്സ്മാൻ. കുട്ടികളെ വിളിച്ച് അവരോടൊപ്പം കളിക്കും. അസുഖം മൂലം ഉറക്കം കുറവായിരുന്നു. ആരെയെങ്കിലും കിട്ടിയാൽ അവരോടു വീട്ടുവിശേഷങ്ങൾ ചോദിച്ചറിയും. ഫലിതങ്ങൾ പറഞ്ഞും അവരെക്കൊണ്ടു പാട്ടുകൾ പാടിച്ചും രസിക്കും. അവരിലൊരാൾ ബഫൂൺ വേഷം കെട്ടുക പതിവായിരുന്നു (മിമിക്രി മോഡൽ). മറ്റുള്ളവർ സംസാരിക്കുന്നതും ചില അച്ചന്മാർ കുർബ്ബാന ചൊല്ലുന്നതും (കിഴക്കെത്തലയ്ക്കൽ തോമ്മാ കത്തനാർ ഉൾപ്പെടെ) ഇവയൊക്കെ അനുകരിക്കുന്നത് കണ്ടു രസിക്കും. ചെങ്ങന്നൂരിലെ ഇന്നത്തെ ബഥേൽ അരമന പഴയ സ്ഥലമാണെന്ന് ആരും പറയുകയില്ല. അവിടെ ഒരു കുളം ഉണ്ടായിരുന്നു. അതിന്റെ പേരായിരുന്നു പൊതേൽകുളം എന്നത്. ടൗൺ ചന്തയിലെ ചപ്പുചവറുകൾ കൊണ്ടിടുന്ന സ്ഥലം. അവിടെ യിസഹാക്ക്



എന്നൊരു രസികൻ ഉണ്ടായിരുന്നു. കഥകൾ പറയുവാൻ, പാട്ടുകൾ പാടുവാൻ, മിമിക്രി നടത്തുവാൻ പുത്തൻകാവിലെ മെത്രോപ്പോലീത്തൻ ഹൈസ്കൂൾ സ്ഥാപിക്കുവാൻ കാരണം പട്ടിണിക്കാരായ കുട്ടികൾക്ക് ചെങ്ങന്നൂർ വരെപോയി പഠിക്കുവാനുള്ള പ്രയാസം തിരുമേനിയെ അല ട്ടിയതാണ്. അതിനുവേണ്ടി അവിശ്രമം പരിശ്രമിച്ചു. ആദ്യത്തെ തിരുവി താംകൂർ മന്ത്രിസഭയിൽ ഉണ്ടായിരുന്ന റ്റി.എം. വറുഗീസ്, വിദ്യാഭ്യാസ മന്ത്രി കുഞ്ഞിരാമൻ എന്നിവരെ കണ്ട് നിവേദനം കൊടുത്തു. അനു വാദം കിട്ടിയപ്പോൾ നാട്ടുകാരായ ചിലരിൽ നിന്ന് എതിർപ്പുകൾ വന്നു. അവയെ എല്ലാം തരണം ചെയ്ത് സ്കൂളിന്റെ പണി ആരംഭിച്ചു. ആദ്യം ഒരു നല്ല കെട്ടിടം വയ്ക്കണം. ഒരു മേസ്തിരിയെ വിളിച്ചു പണി തുടങ്ങി. കൂലി കൊടുക്കണമെങ്കിൽ 'ഉടയോൻ തരും' എന്നു പറഞ്ഞിട്ട് ഓരോ പ്രോഗ്രാമിനു പോകും. വൈകുന്നേരം അവിടെ നിന്ന് വന്നിട്ടുവേണം കൂലി കൊടുക്കുവാൻ. ഒരു മേസ്തിരിയുടെ മകൻ വറുഗീസ് എന്നൊരു പയ്യനെ വിളിച്ചു പറഞ്ഞു. "ഈ കെട്ടിടം നീ പണിയണം." അവൻ പറ ഞ്ഞു 'എനിക്ക് അറിയില്ല തിരുമേനി.'

> *"ഈ കെട്ടിടം പണി നോക്കിക്കൊള്ളണം. ഞാൻ ഇപ്പോൾ തരുന്നത് ഒരു ഷർട്ടിന്റെ കാശ്, ഈ സ്ഥാപനം നന്നാകുമ്പോൾ നീയും നന്നാകും"*

'നീ കേറിപ്പണിയെടാ, ദൈവം നിന്നോടു കൂടെയുണ്ട്. പോരായെങ്കിൽ ഞാൻ പറഞ്ഞുതരാം' എന്നായി തിരുമേനി. പുത്തൻകാവ് ഇടവക യിലെ ഒരു പയ്യനായിരുന്നതിനാൽ അവൻ പണി തുടങ്ങി. നാലിഷ്ടിക വയ്ക്കുമ്പോൾ പറയും 'തൂക്ക് നോക്ക്, മുഴക്കോൽ എടുത്ത് ലവൽ ചെയ്യ്.' അങ്ങനെ അവനെക്കൊണ്ടു പണിയെടുപ്പിച്ചു. ഒടുവിൽ അവൻ നല്ല കെട്ടിടം പണിക്കാരനായി. കെട്ടിടം പണി കഴിഞ്ഞപ്പോൾ അതിന്റെ മുകളിൽ ഉണ്ടായിരുന്ന തെങ്ങിനെക്കാൾ വണ്ണമുള്ള ഒരു പ്ലാവിൻ കമ്പ് വെട്ടിമാറ്റുവാൻ അതിന്റെ ഉടമസ്ഥനോട് തിരുമേനി ആവശ്യപ്പെട്ടു. സാധ്യമല്ലെന്ന് ഉടമസ്ഥൻ പറഞ്ഞു. കാറ്റും മഴയും ഇടിയും ഒന്നും ഇല്ലാതിരുന്ന സമയം ഏതാനും മിനിറ്റുകൾക്കകം കെട്ടിടത്തിലെ ഓടിനു പോലും ഒരു കേടും കൂടാതെ ആ കമ്പ് ഒടിഞ്ഞുവീണു. ആറ്ററി കത്ത് പത്തടിയിൽ കൂടുതൽ ഉയരം ഉള്ള ഒരു മതിൽക്കെട്ടിൽ തിരു മേനി വൈകിട്ട് നടക്കുക പതിവായിരുന്നു. അതിനുശേഷം ആറ്റിൽ ഇറ ങ്ങി കുളിക്കും. പുത്തൻകാവ് പള്ളിയുടെ മുമ്പിൽ മൂന്നുപേർ പിടിച്ചാൽ കൈ എത്താത്തവണ്ണമുള്ള ഒരു മാവുണ്ടായിരുന്നു. അതിലെ മാമ്പഴം വീഴുമ്പോൾ കുട്ടികളെ വിട്ട് പെറുക്കി സൂക്ഷിക്കും. പിന്നീട് അമ്മയുടെ അടുത്തു വിട്ട് പഴഞ്ചോർ എടുപ്പിക്കും. കാന്താരി കൊണ്ടുള്ള ചമ്മന്തി നിർബന്ധമായും കൊണ്ടുവരീക്കും. പഴഞ്ചോറിൽ മാങ്ങാ പിഴിഞ്ഞ് കാ ന്താരി ചമ്മന്തി കൂട്ടി കുശാലായി ഊണു കഴിക്കും. അങ്ങനെ ലളിത മായ ആഹാരരീതി. ആഡംബരമില്ലാത്ത വസ്ത്രധാരണം. സ്കൂൾ കെട്ടിടം പണിയുന്ന സമയം, വീതിയുള്ള ഒരു ബഞ്ച് അതിൽ കിടന്നു റങ്ങും.ഒരിക്കൽ ആദ്യത്തെ ക്ലാർക്കായിരുന്ന കൊട്ടയ്ക്കാട്ടു പാപ്പച്ചൻ (കോഴഞ്ചേരി) ആ ബഞ്ചിന്റെ അരികിൽ കിടന്നുറങ്ങുകയായിരുന്നു. വൈകിട്ട് കഴിച്ച ആഹാരം പിടിക്കാതെ ഛർദ്ദിക്കുകയും അതിസാരം ഉ ണ്ടാകുകയും ചെയ്തു. പള്ളിപ്പടി ജംഗ്ഷനിൽ ഉണ്ടായിരുന്ന എന്നെ തിരുമേനി വിളിച്ചു. 'എടാ, പാപ്പച്ചൻ അവശതയിലാണ്. നീ പെട്ടെന്ന് പൂപ്പള്ളിൽ കുഞ്ഞിന്റെ വീട്ടിൽ ചെന്ന് കാർ ഇങ്ങോട്ടു വിടണം. ഒരു അത്യാവശ്യം ഉണ്ട്. അവർ ഉടനെ കാർ ഡ്രൈവറെ വിളിച്ച് പെട്ടെന്ന് അയച്ചു. ഞങ്ങൾ അവിടെ ചെന്നപ്പോൾ അവശനായ പാപ്പച്ചനെ തിരുമേനി താങ്ങി എഴുന്നേൽപിച്ച് ഛർദ്ദിൽ ചൂലെടുത്ത് കഴുകി ക്കളയുന്നു. ഞാൻ ചെന്ന് ചൂലിനു പിടിച്ചു. അപ്പോൾ പറയുകയാണ് 'നീ വെള്ളം ഒഴിച്ചുതന്നാൽ മതി' പാപ്പച്ചനെ കാറിൽ കയറ്റി കോഴ ഞ്ചേരി ആശുപത്രിയിൽ ആക്കിയിട്ട് വീട്ടിൽ ചെന്നു വിവരം പറഞ്ഞു. അക്കാലത്ത് ഇവിടെ വാടകക്കാറോ, ഓട്ടോയോ, ആശുപത്രിയോ ഒന്നും ഇല്ലായിരുന്നു. പള്ളിയുടെ പടിഞ്ഞാറുവശത്ത് ഒരു മൈതാനം ഉ ണ്ട്. ആദ്യകാലങ്ങളിൽ അലവാങ്കുമായി ഇറങ്ങും. ആരെങ്കിലും അതു വഴി പോയാൽ എക്സസൈസ് എടുക്കാം എന്നുപറഞ്ഞ് അവരുടെ കൂടി സഹായത്തോടെ വയ്യാത്തകൈയുമായി പിടിച്ച് കല്ലുകൾ മറിക്കും. ഒടുവിൽ എന്നെ വിളിച്ചു പറഞ്ഞു: "ഈ കെട്ടിടം പണി നോക്കിക്കൊ ള്ളണം. ഞാൻ ഇപ്പോൾ തരുന്നത് ഒരു ഷർട്ടിന്റെ കാശ്, ഈ സ്ഥാപനം നന്നാകുമ്പോൾ നീയും നന്നാകും" എന്നു പറഞ്ഞിട്ടാണ് കുന്നംകുളത്തു പോയത്. തിരിച്ച് വരുന്നവഴി നെഞ്ചിനു വേദന അനുഭവപ്പെട്ടു. മരത്തം കോട് ചാപ്പലിൽ പോയി വിശ്രമി ച്ചു. കാതോലിക്കാ സിംഹാസന ത്തിനു വേണ്ടി തന്റെ ശരീര സ്ഥിതി നോക്കാതെയുള്ള യാ ത്രയും പ്രസംഗങ്ങളും, ആരാധ നയും തിരുമേനിയെ ക്ഷീണി തനാക്കി. സഭപിളർപ്പിന്റെ വക്കി ലെത്തിയപ്പോൾ സഭാമക്കളെ ഒന്നിച്ചു നിർത്തുന്നതിനുള്ള തിരുമേനിയുടെ കഠിനദ്ധ്വാനം സ്മരിക്കേണ്ടതു തന്നെയാണ്. അദ്ദേഹം കുന്നംകുളത്തു നട ത്തിയ അവസാന പ്രസംഗം അവിടെയുള്ള ആളുകളെ ഇ ന്നും സഭയിൽ പിടിച്ചു നിർത്തു ന്നതിന് സഹായിച്ചു. പുത്തൻ കാവിൽ മടങ്ങിയെത്തിയത് തിരുമേനിയുടെ മൃതദേഹമായി രുന്നു. നേരത്തെ തിരുമേനി താക്കോൽ ഏൽപ്പിച്ചപ്പോൾ ആ കരങ്ങൾ എന്റെ കയ്യിൽ മുട്ടിയത് എനിക്ക് അനുഗ്രഹമായി മാറി. തിരുമേനിയുടെ സഭാസ്നേഹ വും, വിദ്യാഭ്യാസ വീക്ഷണവും സാധാരണക്കാരെ ഉദ്ധരിക്കുന്ന തിനുള്ള താൽപര്യവും മറക്കാനാവാത്തതാണ്. എന്തെ ങ്കിലും ആവശ്യം വരുമ്പോൾ എല്ലാം സ്വന്തം ഭവനത്തിൽ നിന്ന് അമ്മയോടു പറഞ്ഞു വാങ്ങി കാര്യങ്ങൾ നടത്തും. തിരുമേനി എന്ന നിലയിൽ ഇങ്ങോട്ടു വാങ്ങിയതല്ലാതെ അങ്ങോട്ട് ഒന്നും കൊടുത്തിട്ടില്ല. തിരുമേനി ജീവിച്ചിരുന്നു എങ്കിൽ സഭയിൽ വിശ്വാസിക ളുടെ എണ്ണം കൂടുതൽ വർദ്ധിക്കുമായിരുന്നു.

പുത്തൻകാവിന് നഷ്ട മായത് ഒരു കാതോലിക്കായെ ആണ്. തിരുമേനിയുടെ മൃതശ രീരവുമായി പുത്തൻകാവിൽ എത്തിയപ്പോൾ വീണ കണ്ണീർ ഇനിയും തോർന്നിട്ടില്ല. എല്ലാവ രുടെയും ആരാധനാപാത്രമായി സ്മര്യപുരുഷനായി, ശ്രേഷ്ഠാ ചാര്യനായി, സ്നേഹിതനും വഴി കാട്ടിയും എല്ലാമെല്ലാമായി ഇ ന്നും തിരുമേനി ഓരോ ഹൃദയ ത്തിലും വസിക്കുന്നു. തിരുമേനി യോടു ചേർന്നുള്ള ജീവിതം മറ ക്കാൻ കഴിയില്ല.

# കാതോലിക്കായുടെ പരമാധികാരം എക്കാലവും അംഗീകരിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനി



ഫാ. ഡോ. പി. സി. ഈപ്പൻ
(പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതിയൻ കാതോലിക്ക ബാവയുടെ സെക്രട്ടറിയായി പ്രവർത്തിച്ച വൈദികൻ )

ഒരിക്കൽ ഒരു യുവവൈദികന്റെ നിയമനം സംബന്ധിച്ച് മെത്രോപ്പോലീത്തായുടെ തീരുമാനത്തിനെതിരായി ഇടവകജനങ്ങൾ ഒരു പ്രതിനിധി സംഘമായി ബാവയെ സമീപിച്ചു. അവർ വികാരഭരിതരായി അവരുടെ ഇടവകയിൽ നിന്നു വൈദികനായ സ്വന്തം ആളിന്റെ സേവനം അവർക്ക് തന്നെ നൽകണമെന്ന് നിർബന്ധപൂർവ്വം അപേക്ഷിക്കുകയും അതിനനുകൂലമായ ഒരു കൽപ്പന കിട്ടുന്നതുവരെ മടങ്ങിപ്പോകാൻ വിസമ്മതിക്കുകയും ചെയ്തു. വസ്തുതകൾ എല്ലാം ശരിക്കു മനസിലാക്കിയ ബാവാ അനുകൂലമായ ഒരു മറുപടി നൽകാൻ സമയം എടുത്തു. രാത്രി വൈകിയിട്ടും ജനങ്ങൾ പിരിഞ്ഞു പോയില്ല എന്നു മനസ്സിലാക്കിയ ബാവാ അവരിൽ മനസ്സലിഞ്ഞ് ആ യുവവൈദികനെ സ്ഥലംമാറ്റി നിയമിക്കേണ്ടതില്ലെന്നു തീരുമാനിച്ച് തൽക്കാലത്തേക്കു വികാരിയായി സ്വന്തം പള്ളിയിൽ നിയമിച്ച് കൽപ്പന എഴുതി. ഈ വിവരം ഇടവക മെത്രാപ്പോലീത്തായുടെ അറിവിനായി വേറെ ഒരു കൽപ്പന എഴുതി. രണ്ടും അവരുടെ കൈയ്യിൽ കൊടുത്തു സന്തുഷ്ടരായ ജനങ്ങൾ ഉടനെ തന്നെ കൈമുത്തി മടങ്ങി. മടക്കയാത്രയിൽ അവർ ചെങ്ങന്നൂർ ബഥേൽ അരമനയിൽ എത്തി ഇടവക മെത്രാപ്പോലീത്തയായ കൊച്ചുതിരുമേനിക്കുളള കൽപ്പന രാത്രിയിൽ തന്നെ ഏൽപ്പിച്ചു.

കൽപ്പന വായിച്ച കൊച്ചുതിരുമേനിക്ക് അത്ഭുതവും താങ്ങാനാവാത്ത ദുഃഖവും ഉണ്ടായി. ഉടനെ തന്നെ കോട്ടയത്തു പോയി ബാവയെ കണ്ട് ഇപ്രകാരം ഒരു കൽപ്പന ബാവ എഴുതിയതിലുള്ള അമർഷം നേരിൽ ബോധിപ്പിക്കാമെന്നു കരുതി. എന്നാൽ കോട്ടയം പഴയസെമിനാരിയിൽ എത്തിയപ്പോൾ ബാവായെ നേരിൽ കണ്ട് എന്തു പറയാനാണ് എന്നൊരു സന്ദേഹം. ഏതായാലും ബാവയെ കാണുന്നതിനു മുൻപ് കൽപ്പന എഴുതാൻ ഇടയായ സാഹചര്യത്തെപ്പറ്റി ബാവയുടെ സെക്രട്ടറിയായിരുന്ന എന്നോടു ചോദിച്ചു മനസിലാക്കിയതിനുശേഷം സാവകാശത്തിൽ ബാവായോട് എല്ലാ കാര്യങ്ങളും വിശദമായി ചർച്ച ചെയ്യാമെന്നു തീരുമാനിച്ചു. ഭദ്രാസന മെത്രാപ്പോലീത്താമാരുടെ തീരുമാനങ്ങളുടെ പശ്ചാത്തലം ശരിക്കും മനസ്സിലാക്കാതെ ഏകപക്ഷീയമായി ബാവാ ഇടപെടുന്നതു വഴി ഇടവകകളിൽ ഉണ്ടാകാവുന്ന അച്ചടക്കരാഹിത്യത്തെപ്പറ്റിയും അങ്ങനെ സംഭവിക്കാതിരിക്കാനുള്ള പോംവഴികളെ പറ്റിയും പഴയസെമിനാരി മാനേജർ ടി.സി ജേക്കബ് അച്ചനോടും സെക്രട്ടറി ഈപ്പൻ ശെമ്മാശനോടും തുടർച്ചയായി ചർച്ചകൾ നടത്തി. അവസാനം വസ്തുതകൾ ബാവയെ നേരിട്ടു ധരിപ്പിക്കാമെന്നു തീർച്ചപ്പെടുത്തി.

കൊച്ചുതിരുമേനി വന്നിട്ടുണ്ടെന്നും ബാവയെ കണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ ധരിപ്പിക്കാനുമായിട്ടാണ് ഉദ്ദേശ്യമെന്നും സെക്രട്ടറി ബാവയെ അറിയിച്ചു. ഉടനെ ബാവാ കൽപ്പിച്ചു അതിനെന്നാ തടസ്സം മെത്രാച്ചൻ വരാൻ പറയു എന്ന്. എന്റെ മുറിയിൽ ഇരുന്നിരുന്ന കൊച്ചു തിരുമേനിയേയും മാനേജരച്ചനെയും ഉടൻ തന്നെ വിവരം അറിയിച്ചു. ഞങ്ങൾ മൂന്നു പേരും ബാവായുടെ മുറിയിൽ പ്രവേശിച്ചു. കണ്ട ഉടനെ ബാവാ കൽപ്പിച്ചു. മെത്രാച്ചൻ അവിടെ ഇരിക്കു എന്ന്. അതിനു മറുപടിയായി കൊച്ചു

തിരുമേനി ആവേശത്തോടെ അറിയിച്ചു. എനിക്കു രണ്ടപ്പന്മാരാണുള്ളത് അതിൽ കിഴക്കെതലയ്ക്കൽ കത്തനാർ മരിച്ചു മണ്ണടിഞ്ഞു. ഇനി ശേഷിക്കുന്നത് എനിക്കു ബാവ തിരുമേനി മാത്രമാണ്. ഇതു കേട്ടു ബാവ എഴുന്നേറ്റ് കൊച്ചു തിരുമേനിയുടെ അടുക്കലേക്ക് ചെന്നു. എന്താ മെത്രാച്ചന് എന്തോ പറയാനുണ്ടെന്ന് ശെമ്മാശൻ അറിയിച്ചല്ലോ. തുറന്ന് പറയാമല്ലോ. കൊച്ചു തിരുമേനി വളരെ ശാന്തതയോടെ അറിയിച്ചു. ഇവിടെ ഇടവകകളിൽ നിന്നും വ്യക്തികളിൽ നിന്നും നേരിട്ട് ബാവായുടെ അടുത്തുവരുന്ന അപേക്ഷകളും ഹർജികളും ശരിക്കും പരിശോധിക്കാതെ തീർപ്പു കൽപ്പിക്കുന്നത് വളരെ പ്രശ്നങ്ങൾക്ക് വഴി തെളിക്കുന്നുണ്ട്. ബാവാ സഭയുടെ പരമാദ്ധ്യക്ഷനാണ് അപ്പീൽ അധികാരവും ഉണ്ട്. ബാവാ എന്തു തീരുമാനിച്ചാലും അതിന് എതിര് പറയാൻ ഞങ്ങളാരും ഒരിക്കലും മുതിരുകയില്ല. എന്നാൽ സംഗതികളുടെ സുഗമമായ നടത്തിപ്പിന് ഒരു കാര്യം ചെയ്താൽ നന്നായിരിക്കുമെന്ന് അഭിപ്രായമുണ്ട്. അതെന്നാ? ചെയ്യാമല്ലോ എന്ന് ബാവാ. ഇവിടെ ഭദ്രാസനങ്ങളിൽ നിന്നു വരുന്ന ഹർജികളും അപേക്ഷകളും സെക്രട്ടറി ശെമ്മാശൻ സ്വീകരിച്ച് അതിൽ കൈപ്പറ്റിയ തീയതിയും ഒപ്പും വച്ച് അതാത് മെത്രാസനാധിപന്മാർക്ക് അവരുടെ പ്രതികരണത്തിനായി അയച്ചു കൊടുത്താൽ അവർ അത് ശരിക്കു പഠിച്ച് വിശകലനം ചെയ്ത് നിജാവസ്ഥ തിരുമേനിയെ അറിയിക്കും.

സംഗതികളുടെ ഗൗരവം അനുസരിച്ച് വേണ്ടി വന്നാൽ മെത്രാസനാധിപൻ തന്നെയോഅദ്ദേഹം നിയോഗിക്കുന്ന ഭദ്രാസന സെക്രട്ടറിയോ നേരിൽ വന്ന് എല്ലാ വശങ്ങളും തിരുമേനിയെ അറിയിക്കും. അതിനുശേഷം എന്തു തീരുമാനം എടുത്താലും അതെല്ലാവർക്കും സ്വീകാര്യമായിരിക്കും. ഉടനെ ബാവാ കൽപ്പിച്ചു. അതു നല്ല കാര്യമാണല്ലോ. സെക്രട്ടറിയെ അഭിസംബോധന ചെയ്ത് ശെമ്മാച്ചൻ അപ്രകാരം ചെയ്തു കൊള്ളണം. അതു നല്ലൊരു കാര്യമാണ്. ഇനി മേൽ അപ്രകാരം മെത്രാച്ചൻ പറഞ്ഞതു പോലെ ചെയ്തുകൊള്ളണം.



പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായും, പുത്തൻകാവിൽ കൊച്ചുതിരുമേനിയും

ഇരുവരും സന്തുഷ്ടരായി. ആരംഭദശയിൽ ഈ ക്രമീകരണം വളരെ പ്രയോജനകരവും വിജയകരവുമായിരുന്നു. എന്നാൽ ബാവാ പരുമലയിലോ കുണ്ടറ സെമിനാരിയിലോ ഇടയ്ക്കിടെ പോയി മടങ്ങി വരുമ്പോഴേക്കും വരുന്ന പരാതികൾ പഴയസെമിനാരിയിൽ സെക്രട്ടറിയുടെ മുറിയിൽ കൂടി കിടക്കും. അങ്ങനെയുള്ള യാത്രകൾ വർദ്ധിച്ചതിന്റെ പേരിൽ സെക്രട്ടറി യഥാവസരം ഓഫീസ് പ്രവർത്തനം തടസ്സപ്പെടുന്ന വിവരം കൊച്ചുതിരുമേനിയെ അറിയിച്ചപ്പോൾ തിരുമേനി പറേട്ട് മാത്യൂസ് അച്ചനെ കണ്ട് ആഴ്ചയിൽ രണ്ടു ദിവസം പഴയസെമിനാരിയിൽ എത്തി സഹായിക്കണമെന്ന് അഭ്യർത്ഥിച്ചു. പറേട്ട് അച്ചൻ ഒന്നു രണ്ടു പ്രാവശ്യം ചുമതല നിർവ്വഹിച്ചതിനുശേഷം അത് പ്രായോഗികമല്ലെന്ന് മനസ്സിലാക്കി ഒരു പ്രത്യേക ഓഫീസ് പഴയ സെമിനാരിയിൽ ഉണ്ടാകുന്നതിന് പി. എൻ. നൈനാനെ ക്ഷണിച്ചു വരുത്തുകയും സെക്രട്ടറിയേറ്റിന് രൂപം നല്കുകയും ചെയ്തു. പി. എൻ. നൈനാൻ ഡെപ്യൂട്ടി സെക്രട്ടറിയും, നെടുമാവ് ജോർജ്ജ് ക്ലാർക്കുമായി നിയമിതരായി. അങ്ങനെ കാതോലിക്കേറ്റ് ഓഫീസ് ഒട്ടൊക്കെ കാര്യക്ഷമമായി പ്രവർത്തനം ആരംഭിച്ചു.

സർവ്വാദരണീയനായ പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ പാദാരവൃന്ദങ്ങളിൽ കൂപ്പുകൈ അർപ്പിച്ച് അനുഗ്രഹിക്കണമേയെന്ന് വിനീതമായി അപേക്ഷിക്കുന്നു.

*ബാവാ സഭയുടെ പരമാദ്ധ്യക്ഷനാണ് അപ്പീൽ അധികാരവും ഉണ്ട്. ബാവാ എന്തു തീരുമാനിച്ചാലും അതിന് എതിര് പറയാൻ ഞങ്ങളാരും ഒരിക്കലും മുതിരുകയില്ല.*

# കോട്ടയത്തിന്റെ ഓർമ്മകൾ

റ്റി. വർഗ്ഗീസ് വർക്കി
താഴത്തങ്ങാടി - കോട്ടയം

കാലംചെയ്ത പരിശുദ്ധ പിതാവായ മാർ പീലക്സിനോസ് തിരുമേനി “ബി.ഡി. ശെമ്മാശ്ശൻ” എന്ന ഓമനയേറിയ അപരനാമത്തിലും, അതോടൊപ്പം കോട്ടയം എം.ഡി. സിമ്മനാരിയിൽ ഒരു സഹ അദ്ധ്യാപകനായി കഴിയുന്നകാലം. ഈ കാലയളവിൽ ബ:ഉപ്പൂട്ടിലച്ചൻ അവർകളുടെ ആരാധനാ സഹായത്തിലേക്കായി ഇടവകയിലെ വിദ്യാർത്ഥി പ്രായത്തിലുള്ള ഞങ്ങൾ ഏഴെട്ടുപേരെ ശുശ്രൂഷക്കാരായി പരിശീലിപ്പിക്കുന്നതിനു ഉത്സാഹിക്കുകയും, ശനിയാഴ്ചതോറും ബ:അച്ചൻ താഴത്തങ്ങാടിയിലെ മാർ ഗ്രീഗോറിയോസ് സ്മാരക പ്രൈമറി സ്കൂളിൽ (ഇപ്പോൾ എം.ഡി. എം.പി. സ്കൂൾ) സന്നിഹിതനായി ആരാധനാക്രമങ്ങളും, ഗീതങ്ങളും (സുറിയാനിയിലും മലയാളത്തിലും) ഞങ്ങളെ അഭ്യസിപ്പിക്കുകയും ചെയ്തു. മലങ്കരസഭാ ഭാസുരൻ മാർദീവന്നാസ്യോസ് വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ ശ്രേഷ്ഠാനുമതിയോടുകൂടി പള്ളിയിലെ കാണിക്ക ഇനത്തിൽ നിന്നും പണം ചിലവു ചെയ്ത് ശുശ്രൂഷ കുപ്പായം തയ്യിപ്പിച്ച് ഞങ്ങളെ ബ:അച്ചന്റെ ശുശ്രൂഷകരായി നിയോഗിച്ചിരുന്നു. എന്നാൽ വെക്കേഷൻ കാലങ്ങളിൽ എം.ഡി. ഹോസ്റ്റലിലെ താമസക്കാരായ അധ്യാപകരും, വിദ്യാർത്ഥികളും സ്വദേശത്തേക്കു പോകുമെങ്കിലും ബ:ഗീവർഗ്ഗീസ് ശെമ്മാശൻ (കൊച്ചുതിരുമേനി) മാത്രം പലപ്പോഴും താമസംകൂടാതെ തിരിച്ചുവരികയും ഞങ്ങളുടെ ലീഡറായി ബ:അച്ചന്റെ ആജ്ഞാനുവർത്തിയായി മാർ ഏലിയാ ചാപ്പലിൽ തന്നെ താമസിക്കുമായിരുന്നു. ആയിരം വീട്ടുകാരുടെ പള്ളി” എന്ന് സുപ്രസിദ്ധമായ കോട്ടയം ചെറിയപള്ളിയുടെ വികാരിയായിരുന്നു ബ:ഉപ്പൂട്ടിലച്ചന് ആരാധനയൊഴികെ, ഒരിക്കലും പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്ന് ‘കർത്താവിൽ പ്രിയരെ! എന്നിത്യാദി സംബോധന ചെയ്തുകൊണ്ട് നാല് വാക്കു പറയുവാനുള്ള സരസ്വതീകടാക്ഷം ഇല്ലാതിരുന്ന കുറവ് ബ: ബി.ഡി. ശെമ്മാശൻ (കൊച്ചുതിരുമേനി) നല്ലവണ്ണം പരിഹരിക്കുകയും, ഇടവക്കാരിൽ വേണ്ടത്ര ആത്മീയ പ്രചോദനം ഉളവാക്കുകയും ചെയ്തുപോന്നു. ഗീവർഗ്ഗീസ് ശെമ്മാശ്ശൻ (കൊച്ചു തിരുമേനി) ഹാജരുണ്ടായിരുന്ന ഞായറാഴ്ചകളിലും സന്ദർഭോചിതവും, കാര്യമാത്രപ്രസക്തവുമായ ചെറുപ്രസംഗ ധോരണികളാൽ അതാതു ദിവസങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടുകൂടി ആരാധനാദി കർമ്മങ്ങൾ ശുഭമായി പര്യവസാനിച്ചിരുന്നുവെന്നുള്ളതാണ് സ്മരണാർഹമാണ്.

ശുശ്രൂഷകരായ ഞങ്ങളിൽ സൗകര്യമുള്ളവരെല്ലാം ശനിയാഴ്ച സന്ധ്യയ്ക്കു മുമ്പായി പള്ളിയിൽ ചെന്നിരിക്കണമെന്ന് ബ:ഉപ്പൂട്ടിലച്ചൻ നിർദ്ദേശിച്ചിരുന്നു. അങ്ങനെയുള്ള ദിവസങ്ങളിൽ പലപ്പോഴും രാത്രിയിൽ ചില പ്രത്യേക ഗീതങ്ങൾ (സുറിയാനി നിറങ്ങൾ) അച്ചന്റെ ആജ്ഞാനുസരണം തിരുമേനി ചൊല്ലിതരികയും, പിറ്റേദിവസം കുർബ്ബാനാവസരത്തിൽ സന്ദർഭോചിതം അവ ഉപയോഗിക്കുകയും, വല്ല പോരായ്മയും